N E R V E E D H I
Volume - 14, Issue - 6, 10th June 2025, Monthly, Price ₹ 25, Published at Kottayam
വാല്യം – 14, ലക്കം – 6, ജൂൺ 2025 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## നറുമണം പരത്തുന്ന പൂന്തോട്ടമാവുക...

പേജ് 13

Editorial

# ശേഷിപ്പിലൊന്നായി മാറുക

**ദൈ**വഭക്തർ ഇല്ലാതെപോകുന്ന, വിശ്വസ്തർ മനുഷ്യഗണത്തിൽ നിന്നു നന്നേ കുറഞ്ഞു പോകുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം ഇന്ന് കടന്നു പോകുന്നത്. അവിശ്വസ്തർ തങ്ങളുടെ അയൽവാസികളോട് കളവുപറയുന്നു; അവർ അധരങ്ങളിൽ മുഖസ്തുതിയും ഹൃദയത്തിൽ വഞ്ചനയും വച്ച് സംസാരിക്കുന്നു. മുഖസ്തുതി പറയുന്ന എല്ലാ അധരങ്ങളും അവിശ്വസ്തതയുടെ വ്യക്തമായ നേർചിത്രങ്ങളാണ്. അവിശ്വസ്തരുടെ മനോഭാവം, ഞങ്ങളുടെ നാവിനാൽ ഞങ്ങൾ ജയിക്കും; ഞങ്ങളുടെ അധരങ്ങൾ ഞങ്ങൾക്കു തുണ, ആരാണ് ഞങ്ങളോട് ചോദിക്കുവാനുള്ളത് എന്നിങ്ങനെയാണ്. ഏറ്റവും വലിയ ദൗർഭാഗ്യം എന്നത് എല്ലാ മേഖലകളെയും അവിശ്വസ്തത ഗ്രസിച്ചിരിക്കുന്നു എന്നതാകുന്നു. ആത്മിക മേഖലയിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും ഭരണകർത്താക്കളിലും ഭരണീയരിലും ഉദ്യോഗസ്ഥ വൃന്ദത്തിലും നിയമപാലകരിലും നല്ലൊരു പങ്കിനെയും നീരാളി കണക്കെ അവിശ്വസ്തത പിടി മുറുക്കിയിരിക്കുന്നു.

ദൈവകല്പനകളെ പരിത്യജിച്ച് മനുഷ്യകല്പനകളെ പ്രമാണിക്കുവാൻ നിർബന്ധബുദ്ധി കാണിക്കുന്ന സഭയിലെ സംഘടനാനേതൃത്വം ദൈവത്തോട് തന്നെ അവിശ്വസ്തത കാണിക്കുകയല്ലേ? ‘വേലി തന്നെ വിളവ് തിന്നാൽ’ നിസ്സഹായരായ പാവം വിശ്വാസികൾ എന്ത് ചെയ്യും? ‘ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ’ എന്ന ദൈവകൽപന കണ്ടില്ലെന്നു നടിച്ചു കൊണ്ട് പാപത്തിനു ‘ബലഹീനത’ എന്ന ഓമനപ്പേരിട്ട് താലോലിക്കുന്ന ഏവരും ദൈവത്തോട് അവിശ്വസ്തതയല്ലേ കാണിക്കുന്നത്. ദൈവമുമ്പാകെ ഉഭയസമ്മതം ചെയ്ത ഭാര്യാഭർത്താക്കന്മാർ വിവാഹ ഉടമ്പടി ലംഘിച്ചാൽ അത് അവിശ്വസ്തത അല്ലാതെ മറ്റെന്താണ്? അതുപോലെ ദൈവം നൽകിയ താലന്തുകൾ ശരീരമാകുന്ന മണ്ണിൽ കുഴിച്ചിട്ട് അലസരായിരിക്കുന്നവർ കാണിക്കുന്നതും അക്ഷന്തവ്യമായ അവിശ്വസ്തത തന്നെ! സഭാഗാത്രത്തെ അടിമുടി അവിശ്വസ്തത വിഴുങ്ങിയിരിക്കുകയല്ലേ? ഏലീയാവിനോട് ദൈവം അരുളിച്ചെയ്തതു പോലെ ബാലിനു മുട്ടു കുത്താത്ത ഒരു ശേഷിപ്പ് ഉള്ളതു പോലെ ഇന്നും വിശ്വസ്തരുടെ ഒരു ശേഷിപ്പ് ക്രിസ്തുവിന്റെ ഗാത്രമാകുന്ന സഭയിൽ ഉണ്ടെന്നുള്ളതാണ് ഏക ആശ്വാസം. അവിശ്വസ്തതയെ ജയിച്ച് വിശ്വസ്തരാകുവാനുള്ള ആഹ്വാനം മുഖ്യ പ്രമേയമായി ഈ ലക്കത്തിലെ സന്ദേശം നമ്മോടു സംസാരിക്കുന്നു.

അന്ത്യകാലത്തിന്റെ ഈ അന്ത്യനിമിഷങ്ങളിൽ നമ്മെ ആത്മാവിൽ പ്രബുദ്ധരാക്കുന്നതാണ് തുടർന്നുള്ള മറ്റെല്ലാ ലേഖനങ്ങളും. ഓരോന്നും അപഗ്രഥിച്ചു വായിച്ച് പരമാർത്ഥ ഹൃദയത്തെ ഉണർത്തുവാൻ ഓരോരുത്തരും ഉത്സാഹിക്കണമേ എന്ന അപേക്ഷയോടെ ഈ ലക്കം മാസിക എല്ലാ മാന്യവായനക്കാർക്കുമായി സമർപ്പിക്കുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

പുസ്തകം 14 ലക്കം 6
ജൂൺ 2025

# ഈ ലക്കത്തിൽ


മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**



Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**



Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos



**വിശ്വസ്തതയും അനുഗ്രഹവും** 4
ജോയ് എം. തോമസ്

**സൗഖ്യവും സാക്ഷ്യവും** 7
സാജു മാത്യു

**പുതിയ ഉടമ്പടിയുടെ ശ്രേഷ്ഠത** 9
ചെയ്സ് ജോസഫ്

**പ്രാണപ്രിയനായ യേശു** 12
ജോർജ് മാത്യു, പുതുപ്പള്ളി

**നറുമണം പരത്തുന്ന പൂന്തോട്ടമാവുക...** 14
ഫ്രാൻസിസ് ഫ്രാങ്കിപെൻ

**കൗൺസലിംഗ് വീഥി** 16
പി .വി. വർഗീസ്

**ആത്മനിറവും അടിമനുകവും !** 18
ജോൺസൺ കടമ്പനാട്

**ദരിദ്രരെ സ്നേഹിക്കുന്നില്ലെങ്കിൽ** 21
ചാൾസ് സ്പർജൻ

**വനിതാ വീഥി** 23
സുജ വിനു

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# വിശ്വസ്തതയും അനുഗ്രഹവും

സമൂഹത്തിന്റെ മൂല്യച്യുതിയിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സത്ഗുണമാണ് വിശ്വസ്തത. വിശ്വസ്തതയുള്ളവർ സമൂഹത്തിന്റെ അഴകും സൗരഭ്യവും നന്മയുമാണ്. വിശ്വസ്തത എന്ന സ്വഭാവഗുണത്തിന്റെ മൂല്യത്തെ പലർക്കും തിരിച്ചറിയുവാൻ കഴിയാത്തതിനാൽ വിശ്വസ്തരെ സമൂഹം ഇന്നവഗണിക്കുകയാണ്. 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്നതാണ് ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ മനുഷ്യർ സ്വയസ്നേഹികളും, സ്വാർത്ഥരും, അവിശ്വസ്തരുമായി തീർന്നിരിക്കുന്നു. സമൂഹത്തിന്റെ ശിഥിലീകരണത്തിന്റെ പ്രധാന കാരണങ്ങളിൽ ഒന്നാണിത്.

ദൈവം നമ്മിൽ കാണുവാൻ ആഗ്രഹിക്കുന്ന അതിപ്രധാന സ്വഭാവ വിശേഷതയാണ് വിശ്വസ്തത. ഒരു മണവാട്ടിയെപ്പോലെ തന്നെത്താൻ ഒരുക്കി കർത്താവിനായി കാത്തിരിക്കുന്ന സഭ വിശ്വസ്തരുടെ കൂട്ടമാണ്. 'വിശ്വസ്തനും ബുദ്ധിമാനും' ആരെന്ന് കണ്ടെത്തുകയാണ് കർത്താവ് തന്റെ വരവിൽ ചെയ്യുന്നത് (മത്തായി 24 :45). എന്ന് കർത്താവുതന്നെ അരുളിച്ചെയ്തിരിക്കുന്നു. 'നല്ലവനും വിശ്വസ്തനുമായ ദാസൻ' എന്നതാണ് കർത്താവ് നൽകുന്ന ഏറ്റവും വലിയ ബഹുമതി എന്നു താലന്തുകളുടെ ഉപമയിലൂടെ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു (മത്തായി 25 :14 30).

അല്പത്തിൽ വിശ്വസ്തരാകുന്നതിനെക്കുറിച്ചും അന്യമായതിൽ (മറ്റൊരുവന്റെ കാര്യത്തിൽ) വിശ്വസ്തരാകുന്നതിനെക്കുറിച്ചും കർത്താവ് പറഞ്ഞിരിക്കുന്നത് വിശ്വസ്തതയുടെ അടിസ്ഥാനപ്രമാണമാണ്. ആ വചനങ്ങൾ ഇപ്രകാരമാണ്: 'അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യല്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ. നിങ്ങൾ അനീതിയുള്ള മാമ്മോനിൽ വിശ്വസ്തരായില്ല എങ്കിൽ സത്യമായത് നിങ്ങളെ ആർ ഭരമേൽപ്പിക്കും? അന്യമായതിൽ വിശ്വസ്തരായില്ല എങ്കിൽ സ്വന്തമായത് നിങ്ങൾക്ക് ആർ തരും?'( ലൂക്കോസ് 16:10 - 12).

**ദൈവകൃപയിൽ ആശ്രയിച്ച് അല്പത്തിൽ സംതൃപ്തിയും നന്ദിയും ഉള്ളവരായി കരുതലോടെ ഉപയോഗിക്കുമ്പോൾ, അഞ്ചപ്പവും രണ്ടു മീനും ഉപയോഗിച്ച് വലിയ പുരുഷാരത്തെ പോഷിപ്പിച്ച കർത്താവ് നമ്മുടെ അല്പത്തെയും ധാരാളമായി വർദ്ധിപ്പിച്ചനുഗ്രഹിക്കും.**

അല്പത്തിൽ അഥവാ ചെറിയ കാര്യങ്ങളിൽ വിശ്വസ്തരാവുക എന്നത് അതിപ്രധാനമായ കാര്യമാണ്. വിശ്വസ്തത ഒരുവനിൽ രൂഢമൂലമായാൽ ചെറിയ കാര്യങ്ങളിൽ പോലും അത് വെളിപ്പെടും. വാക്ക് പാലിക്കുക, സമയം പാലിക്കുക, മറ്റൊരുവനിൽ നിന്ന് ഒരു പുസ്തകമോ, കൃഷി ആയുധമോ ഇങ്ങനെ ഒരു ചെറിയ സാധനം പോലും കടം വാങ്ങിയാൽ അത് കൃത്യമായി വൃത്തിയായി സൂക്ഷിച്ച് മടക്കി നൽകുക തുടങ്ങി അൽപകാര്യങ്ങളിൽ വിശ്വസ്തരായിരിക്കണം. ചെറിയ കാര്യങ്ങൾ അല്ലേ? സാരമില്ല എന്നുള്ള മനോവിചാരം ചതിക്കുന്നതാണ്, വിശ്വസ്തത മുളയ്ക്കുവാൻ പോലും അനുവദിക്കാത്ത മനോഭാവം ആണത്.

നമുക്കുള്ള ധനമോ വസ്തുവോ ജീവിതസൗകര്യങ്ങളോ ഒരുപക്ഷേ 'അല്പ'മായിരിക്കാം. ചെറിയ ശമ്പളമുള്ള ജോലി ആയിരിക്കാം. 'സംതൃപ്തി'യുടെ മനോഭാവമാണ് ഇവിടെ അതിപ്രധാനമായിട്ടുള്ളത്. നമുക്കുള്ള അല്പത്തിൽ സംതൃപ്തരും സന്തുഷ്ടരും ആകുവാൻ കഴിയുന്നില്ല എങ്കിൽ വിശ്വസ്തരാകുവാനും കഴിയുകയില്ല. ദൈവകൃപയിൽ ആശ്രയിച്ച് അല്പത്തിൽ സംതൃപ്തിയും നന്ദിയും ഉള്ളവരായി കരുതലോടെ ഉപയോഗിക്കുമ്പോൾ, അഞ്ചപ്പവും രണ്ടു മീനും ഉപയോഗിച്ച് വലിയ പുരുഷാരത്തെ പോഷിപ്പിച്ച കർത്താവ് നമ്മുടെ അല്പത്തെയും ധാരാളമായി വർദ്ധിപ്പിച്ചനുഗ്രഹിക്കും.

ദുരാഗ്രഹികൾ അത്യാഗ്രഹികളും ആയിരിക്കും. അവർക്ക് സംതൃപ്തി ഉണ്ടാവുകയില്ല. 'ഇനിയും കിട്ടണം' എന്നുള്ള ആർത്തി അവരെ സംതൃപ്തരാകുവാൻ അനുവദിക്കുന്നില്ല. അതുകൊണ്ടാണ് നേട്ടങ്ങൾക്കുവേണ്ടി കുറുക്കുവഴികൾ തേടുവാനോ മറ്റുള്ളവരോട് അവിശ്വസ്തത കാട്ടുവാനോ അവർക്ക് മടി ഉണ്ടാകാത്തത്. എന്നാൽ ഉള്ളതിൽ തൃപ്തിപ്പെടുന്നവർ തങ്ങളുടെ കൊടുക്കൽ വാങ്ങലുകളിലും എല്ലാ ഇടപാടുകളിലും വിശ്വസ്തത പുലർത്തും. അവർ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരായിത്തീരും.

അല്പത്തിൽ വിശ്വസ്തർ അധികത്തിലും വിശ്വസ്തരായിരിക്കും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. കർത്താവ് പറയുന്നത് 100% ശരി എന്നതിന് സംശയം ഇല്ല. സംതൃപ്തി ഉള്ളവരിൽ മോഹങ്ങൾക്ക് സ്വാധീനം ഉണ്ടാവുകയില്ലല്ലോ. അതുകൊണ്ട് ദ്രവ്യാഗ്രഹത്തിനോ അധികാരമോഹങ്ങൾക്കോ അവർ അധീനപ്പെടുകയില്ല. പ്രസിദ്ധരാകുവാനുള്ള പരീക്ഷയിലും അവർ വീഴില്ല എന്നതുകൊണ്ട് അവർ വിശ്വസ്തതയിൽ വേരൂന്നിയിരിക്കും. അതുകൊണ്ട് അല്പത്തിൽ വിശ്വസ്തർ, അവരെ അധികം ഭരമേൽപ്പിച്ചാൽ അതിലും വിശ്വസ്തരായിരിക്കാനാണ് സാധ്യത.

അല്പത്തിൽ വിശ്വസ്തരായിരിക്കുന്നതുപോലെ പ്രധാനപ്പെട്ടതാണ് മറ്റുള്ളവരുടെ കാര്യത്തിലും വിശ്വസ്തരാവുക എന്നത്. ശരിക്കും ഇത് വലിയ ഒരു വെല്ലുവിളിയാണ്. സാധാരണ പലർക്കും ഉള്ള ഒരു അസുഖമാണ് അസൂയ എന്നത്. മറ്റുള്ളവരുടെ നന്മയോ അഭിവൃദ്ധിയോ അസൂയ ഉള്ളവർക്കു അസഹനീയമാണ്. അവർക്കു വിശ്വസ്തരാകുവാൻ കഴിയുകയില്ല. അവർ സ്വാർത്ഥമതികൾ ആയിരിക്കും. എനിക്കല്ലല്ലോ മറ്റൊരുവനല്ലേ പ്രയോജനം എന്നതാണ് അവരുടെ ചിന്ത. ഈ മനോഭാവത്തെ ദൈവം വെറുക്കുന്നു. അത്തരത്തിൽ ഉള്ളവർക്ക് മാനസാന്തരം അത്യാവശ്യമാണ്. മറ്റുള്ളവരെ അനുഗ്രഹിക്കുവാൻ കഴിയുന്നവരെയാണ് ദൈവം അനുഗ്രഹിക്കുന്നത്.

സർക്കാർ ജോലിക്കാരും അധികാരത്തിലും ഭരണത്തിലും ഇരിക്കുന്നവരെല്ലാവരും വിശ്വസ്തരായാൽ ദേശം അഭിവൃദ്ധി പ്രാപിക്കുകയും, മുഴുവൻ ജനങ്ങൾക്കും പ്രയോജനം ഉണ്ടാകുകയും ചെയ്യും എന്നതിനു സംശയം ഇല്ല. അപ്പോൾ അഴിമതി കുറയുകയും ന്യായവും നീതിയും എല്ലാവർക്കും ഉറപ്പാകയും ചെയ്യും. നിർഭാഗ്യവശാൽ അവിശ്വസ്തരെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സമൂഹമായി നാം അധപ്പതിച്ചു കൊണ്ടിരിക്കുന്നു എന്നതല്ലേ വാസ്തവം?

അന്യമായതു സ്വന്തമെന്നതുപോലെ വിശ്വസ്തതയോടെ, ഭരമേല്പിച്ചവരുടെ സന്തോഷത്തിനും നന്മയ്ക്കും വേണ്ടി കൈകാര്യം ചെയ്യുന്നവരെ ദൈവം കടാക്ഷിക്കും. അവരുടെ വിശ്വസ്തതയ്ക്കു പ്രതിഫലം ഉണ്ടാകും. സ്വജീവിതത്തിൽ നീതിയുടെയും ന്യായത്തിന്റെയും മാർഗ്ഗം അവലംബിക്കുവാൻ ദൈവം അവരെ സഹായിക്കും. എന്നാൽ അവിശ്വസ്തരെ ദൈവം എങ്ങനെ അനുഗ്രഹിക്കും? അത് പ്രയാസമാണ്. വിശ്വസ്തത മാത്രമാണ് അനുഗ്രഹത്തിലേക്കുള്ള വഴി.

ആരംഭ കാലങ്ങളിൽ നമ്മുടെ നാട്ടിൽ ക്രിസ്തീയ വിശ്വാസികൾ വിശ്വസ്തരായി അറിയപ്പെട്ടിരുന്നു. പണം കൈകാര്യം ചെയ്യേണ്ട തസ്തികകളിൽ ക്രിസ്തീയ വിശ്വാസിയെ തേടി കണ്ടെത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു എന്ന് എന്റെ ഹൈസ്കൂളിലെ പ്രധാന

അധ്യാപകൻ വേദനയോടെ പറഞ്ഞത് ഞാൻ ഓർക്കുന്നു. വിശ്വസ്തന്മാർ കുറഞ്ഞുവരുന്നത് ക്രിസ്തീയ സമൂഹത്തിന് വലിയ ആക്ഷേപമായിരിക്കുന്നു.

പ്രിയരേ, ഗൗരവത്തോടെ ചിന്തിക്കുക; സ്വയം ചോദിക്കുക. വിശ്വസ്തതയ്ക്ക് എത്ര വില നാം കല്പിക്കുന്നുണ്ട്? അവിശ്വസ്തത സംഭവിക്കുന്നതിൽ ശരിക്കും വേദന തോന്നാറുണ്ടോ? അതോ ഒന്നും ഗൗനിക്കാതെ 'നേട്ട'ത്തിൽ മാത്രം ശ്രദ്ധ ഊന്നി തിരക്കിട്ട് ഓടുകയാണോ? ഈ ഓട്ടം എവിടെ വരെ പോകും? ഒരുനാൾ നാം ഈ ലോകം വിട്ടുപോകേണ്ടവരല്ലേ? ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പിൽ നിൽക്കേണ്ടവരല്ലേ? നമ്മുടെ ജീവിതത്തിന്റെ കണക്ക് നാം കൊടുക്കേണ്ടവരല്ലേ?

ക്രിസ്തീയ ശുശ്രൂഷകരും ആത്മീയ നേതൃത്വവും ഇതേക്കുറിച്ച് എന്ത് പറയുന്നു? നാം വിശ്വസ്തതയ്ക്ക് മാതൃക കാട്ടുന്നവരായി തീരേണ്ടത് ആവശ്യമാണ്. നമ്മുടെ 'ലക്ഷ്യം' ഏതെന്ന് ഉറപ്പാക്കിക്കൊണ്ടു മാത്രമേ മുന്നോട്ടു പോകാവൂ. ദിവസങ്ങൾ നമ്മെ വിട്ടു വേഗത്തിൽ കൊഴിഞ്ഞു പോകും. യാത്രയാകുവാനുള്ള സമയം ഇങ്ങെത്തും. ലക്ഷ്യം തെറ്റി ഓടുന്നവർ നിരാശരും ഹതഭാഗ്യരും ആയിത്തീരും. ഈ സന്ദേശത്തെ ഗൗരവമായി തന്നെ കാണണമേ.

'നല്ലവനും വിശ്വസ്തനുമായ ദാസനെ' എന്ന വിളിക്ക് യോഗ്യരായിരിക്കുക എന്നത് തന്നെയാണ് നമുക്ക് പരമപ്രധാനം നാം അത് മറക്കുവാൻ പാടില്ല. •

## ശരിയായ ജ്ഞാനത്തിന്റെ അടിസ്ഥാനം യഹോവ ഭക്തി

സഭാപ്രസംഗിയുടെ പുസ്തകം ജ്ഞാനിയായ ശലോമോന്റെ രചനയാണ്. ഒരു ജ്ഞാനി തന്റെ നിരീക്ഷണങ്ങളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ നടത്തിയ കണ്ടെത്തലുകളാണ് അതിലുള്ളത്. വിരോധാഭാസമെന്നു തോന്നിക്കുന്ന ചില വിപൽപ്രബോധനങ്ങൾ അതിൽ കുറിച്ചിട്ടുള്ളത് മുന്നറിയിപ്പുകളായി പരിഗണിച്ചാൽ ആത്മീയജീവിതത്തിനു ഗുണം ചെയ്യുന്നവ തന്നെയാണ്. അന്യാരാധനക്കാരായ ഭാര്യമാരുടെ സ്വാധീനത്തിൽ ദൈവസന്നിധിയിലുണ്ടായിരുന്ന പ്രാഗത്ഭ്യം നഷ്ടപ്പെടുത്തിയ കാലത്തും ശലോമോൻ ജ്ഞാനിയായിരുന്നല്ലോ. ഒരു ജ്ഞാനിയുടെ സന്ദേഹങ്ങളെല്ലാം ഉത്തരമില്ലാചോദ്യങ്ങളൊന്നുമല്ല. ശലോമോന്റെ ഉദ്ധരിച്ച സന്ദേഹങ്ങൾക്കെല്ലാം അവസാന അദ്ധ്യായത്തിൽ കൃത്യമായ ഉത്തരം ശലോമോൻ തന്നെ നൽകുന്നുണ്ട്. 'ഇഷ്ടം പോലെ നടന്നുകൊൾക' എന്ന്, അനുവാദം നല്കുന്നതുപോലെ തോന്നാമെങ്കിലും അതു ന്യായവിധിയിലേക്കു നയിക്കും എന്ന മുന്നറിയിപ്പും താൻ നൽകുന്നുണ്ട്. യൗവ്വനത്തിൽ സ്രഷ്ടാവിനെ അറിയേണ്ടതുപോലെ അറിഞ്ഞാൽ വാർദ്ധക്യം വരെ അതു നിലനിൽക്കും എന്നു താൻ തന്നെ സ്പഷ്ടമാക്കുന്നു. തന്റെ കണ്ണ് ആഗ്രഹിച്ചതെല്ലാം ആസ്വദിച്ച ശലോമോൻ ജീവിതാന്ത്യത്തെക്കുറിച്ച് ആലങ്കാരികമായി 12 ന്റെ 1 മുതൽ 7 വരെ വാക്യങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. ദൈവവചനത്തിന്റെ ആധികാരികതയെ ഈ പുസ്തകത്തിന്റെ പ്രത്യേകാവസ്ഥ ചോദ്യം ചെയ്യുന്നൊന്നുമില്ല. വേദപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പുസ്തകങ്ങളെയും അതതിന്റെ സാഹചര്യത്തിലും, പശ്ചാത്തലത്തിലും, നിലയിലും വിവേചിച്ചറിയണം. ഇയ്യോബിന്റെ പുസ്തകത്തിൽ ഇയ്യോബിന്റെ സ്നേഹിതന്മാർ പറഞ്ഞതും രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. 'അറിവുകൂടാത്ത വാക്കുകളാൽ ആലോചനയെ ഇരുളാക്കുന്നോരിവൻ ആർ' (ഇയ്യോബ് 38:2) എന്നായിരുന്നു യഹോവ അതിനെ വിലയിരുത്തിയത്. ഇയ്യോബിന്റെ വാക്കുകൾതന്നെ പലതും തന്റെ നിരാശയിൽ പറഞ്ഞവയാണ്, അവയെ ആ വിധത്തിലേ മനസ്സിലാക്കാവൂ. പിശാചു പറഞ്ഞ വാക്കുകളുമുണ്ടല്ലോ ബൈബിളിൽ. തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ചരിത്രപുസ്തകങ്ങളിലെ ചരിത്രഭാഗങ്ങളെ, ചരിത്രമായി മാത്രം മനസിലാക്കാതെ, ചില കഥാപാത്രങ്ങൾ ക്രിസ്തുവിനു നിഴലായി പഴയനിയമത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു എന്ന യാഥാർഥ്യം ആഴമായ പഠനത്തിലൂടെ മനസ്സിലാക്കേണ്ടതാണ്. മനുഷ്യർ തങ്ങളുടെ ജീവകാലത്ത് രക്ഷിതാവായ കർത്താവുമായി ആത്മബന്ധമുള്ളവരും, രക്ഷിക്കപ്പെട്ടവരും, വചനാനുസരണം ജീവിക്കുന്നവരും ആണെങ്കിൽ അവരുടെ ആത്മാവ് കർത്താവിനോടു കൂടെ താനായിരിക്കുന്ന ഇടത്തേക്കായിരിക്കും പോവുക.



**സാജു മാത്യു**

# സൗഖ്യവും സാക്ഷ്യവും

***“യേശു അവനെ അനുവദിക്കാതെ നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്ന്, കർത്താവു നിനക്കു ചെയ്തതൊക്കെയും, നിന്നോടു കരുണ കാണിച്ചതും പ്രസ്താവിക്ക എന്ന് അവനോടു പറഞ്ഞു” (മർക്കോസ് 5:19).***

**ബൈ**ബിൾ എക്സ്പൊസിറ്ററി കമന്ററിയിൽ ഭൂതഗ്രസ്തനായ ഈ മനുഷ്യനോടു മൂന്നു ശക്തികൾ എങ്ങനെ ഇടപെടുന്നു എന്നതിനെപ്പറ്റി ഒരു വിവരണമുണ്ട്. ഒന്നാമത് പിശാച് ഈ വ്യക്തിയോടു എങ്ങനെ ഇടപെടുന്നു; രണ്ടാമത്, അവന്റെ നാട്ടുകാർ അവനോട് എങ്ങനെ ഇടപെടുന്നു; മൂന്നാമത്, കർത്താവ് എങ്ങനെ അവനോട് ഇടപെടുന്നു?

പിശാച് ഒരു വ്യക്തിയെ എത്രത്തോളം തകർക്കും എന്നതിന്റെ ഒരു വാങ്മയചിത്രമാണു വാസ്തവത്തിൽ മർക്കൊസിന്റെ വിവരണം. ചങ്ങല വലിച്ചുപൊട്ടിച്ച്... കല്ലറകളിൽ താമസിച്ച്... കല്ലുകൊണ്ട് സ്വന്തം ശരീരം ഇടിച്ചുപൊട്ടിക്കുന്ന ഒരു മനുഷ്യൻ! പിശാച് ഏതു മനുഷ്യനോടും അതുതന്നെ ചെയ്യാൻ ഇഷ്ടപ്പെടുന്നു. മനുഷ്യൻ വിധേയപ്പെട്ടാൽ പിശാച് അതും അതിനപ്പുറവും മനുഷ്യനോടു ചെയ്യും. എന്നാൽ, പിശാചിനു വിധേയപ്പെടാത്ത- ദൈവത്തിനു തങ്ങളെത്തന്നെ ഏല്പിച്ചുകൊടുക്കുന്ന ഒരു മനുഷ്യനോടും പിശാചിന് ഒന്നും ചെയ്യാനാകില്ല.

700 വർഷം മുമ്പ് മദ്ധ്യേഷ്യൻ രാജ്യങ്ങളെ പിടിച്ചടക്കാനുള്ള ആവേശത്തിൽ ചെങ്കിസ്ഖാൻ നടത്തിയ തേരോട്ടത്തിൽ അയാളുടെ കാൽക്കീഴിൽ ഞെരിഞ്ഞമർന്നതു നൂറുകണക്കിനു ചെറുരാജ്യങ്ങളാണ്. അടിമകളായി പിടികൂടിയവരെ ഒരു രാജ്യത്തുനിന്നും മറ്റൊരു രാജ്യത്തേക്ക് കൊണ്ടുപോകുന്നത് ബാധ്യതയായപ്പോൾ അവരെ വിട്ടയയ്ക്കുന്നതിനു പകരം കുന്നുകുന്നായി കൂട്ടിയിട്ടു കൂട്ടക്കൊല ചെയ്യാനാണ് ചെങ്കിസ്ഖാൻ ശ്രമിച്ചത്. അങ്ങനെ മദ്ധ്യേഷ്യയിലെ പലരാജ്യങ്ങളിലും മനുഷ്യാസ്ഥികളുടെ വലിയ പിരമിഡുകൾ തന്നെ രൂപപ്പെട്ടു.

ചെങ്കിസ്ഖാൻ തകർത്തുകളഞ്ഞ ജീവിതങ്ങൾ മദ്ധ്യേഷ്യയിൽ അസ്ഥിപിരമിഡുകൾ തീർത്തെങ്കിൽ, പിശാച് സഹസ്രാബ്ദങ്ങളായി തകർത്തുകളഞ്ഞ മനുഷ്യരുടെ അസ്ഥികൾ കുന്നുകൂട്ടിയിരുന്നെങ്കിൽ അതു ഭൂമിയിലെവിടൊക്കെ ഉണ്ടാകുമായിരുന്നു. അതിന് എത്രയോ ഉയരമുണ്ടാവുമായിരുന്നു! ‘മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല’ എന്നു യേശു പറഞ്ഞു. ദൈവം നന്മയിൽ തീർത്ത മനുഷ്യനെത്തേടിയെത്തുന്ന തിന്മയുടെ വാഴ്ചയാണു പിശാച്- കള്ളൻ! അവൻ മനുഷ്യനിലെ നന്മയെ കവർന്ന് ജീവനെ കൊന്ന് നിത്യതയെ നശിപ്പിച്ചുകളയുന്നു.

ഭൂതഗ്രസ്തനായ ഈ മനുഷ്യനെ തേടിയെത്തിയ ആദ്യത്തെ ശക്തി പിശാചിന്റെ ഭൂതശക്തി തന്നെ. അത് അവന്റെ ജീവിതത്തിലെ നന്മയെല്ലാം കവർന്നെടുത്തു. അവന് അവന്റെ വീടു നഷ്ടപ്പെട്ടു. കല്ലറകളിലാണ് ഇപ്പോൾ വാസം. കുടുംബവുമായി അവനുണ്ടായിരുന്ന കൂട്ടായ്മ നഷ്ടപ്പെട്ടു. കൂട്ടുകാർ നഷ്ടപ്പെട്ടു. നാട്ടിലെ ജീവിതം നഷ്ടപ്പെട്ടു. അവന്റെ മാന്യത നഷ്ടപ്പെട്ടു. നഗ്നനായി നടക്കുന്ന ഈ വ്യക്തി അപമാനിതനായി

ത്തീർന്നു. അവന്റെ സ്വയനിയന്ത്രണം നഷ്ടപ്പെട്ടു... ജീവിതത്തിന്റെ ലക്ഷ്യം നഷ്ടപ്പെട്ടു, പ്രത്യാശ നഷ്ടപ്പെട്ടു, സമാധാനം നഷ്ടപ്പെട്ടു, കല്ലറകളിലും കാടുകളിലും നിലവിളിച്ചുകൊണ്ട് ഓടിനടന്ന മനുഷ്യൻ (മർക്കോസ് 5: 3-5). ഇങ്ങനെയൊരു മനുഷ്യനെ തേടിയാണല്ലോ യേശു വന്നത്! അതിലുപരിയായി പറഞ്ഞാൽ ഇങ്ങനെയൊരു മനുഷ്യനെ മാത്രം തേടിയാണല്ലോ യേശു വന്നത്! ഗദരദേശത്തെ അപ്രാവശ്യത്തെ യേശുവിന്റെ യാത്രയിൽ ദൈവരാജ്യപ്രവേശനം ലഭിച്ച ഏകവ്യക്തി ആ ഭൂതഗ്രസ്തനാണെന്നു നമുക്കറിയാം.

റോബർട്ട് മോഫെറ്റ് സൗത്ത് ആഫ്രിക്കയിൽ മിഷനറിയായി പ്രവർത്തിക്കുന്ന സമയം. നാടുമുഴുവൻ വിറപ്പിച്ച ഒരു ഭീകരനെ പോലീസ് പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചു. നമ്മുടെ നാട്ടിലെ വീരപ്പനെപോലെ ഒരാൾ! അയാളുടെ തലയ്ക്ക് അന്ന് 500 പൗണ്ട് പറഞ്ഞിരുന്നു. മോഫെറ്റ് ആ മനുഷ്യനെ തിരഞ്ഞു കാട്ടിലേക്ക് പോകുവാൻ തീരുമാനിച്ചു. എല്ലാവരും നിരുത്സാഹപ്പെടുത്തിയെങ്കിലും ദൈവത്തിൽ നിന്ന് ആലോചന പ്രാപിച്ച മോഫെറ്റ് പിന്മാറാൻ തയ്യാറല്ലായിരുന്നു. വനത്തിലേക്കുപോയ മോഫെറ്റ് ആഴ്ചകൾ കഴിഞ്ഞും മടങ്ങിവന്നില്ല. മിഷനറി കൊല്ലപ്പെട്ടുവെന്ന് തന്നെ എല്ലാവരും ചിന്തിച്ചു. എന്നാൽ, എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ടു മിഷനറി ഒരുദിവസം മടങ്ങിയെത്തി. കൂടെ കിരാതനായിരുന്ന ആ പിടികിട്ടാപ്പുള്ളിയുമുണ്ടായിരുന്നു. ക്രിസ്തുവിനുവേണ്ടി ആ കിരാതനെ നേടുന്നതിൽ മിഷനറി മോഫെറ്റ് വിജയിച്ചു.

അയാൾ രൂപാന്തരം പ്രാപിച്ചെന്നും, അയാളുടെ തെറ്റുകൾ ക്ഷമിച്ച് ഒരു പുതിയജീവിതത്തിന് അവസരം നല്കണമെന്നും മോഫെറ്റ് കോടതിയിൽ വാദിച്ചു. കോടതി അയാളെ വെറുതെ വിട്ടു. അയാളുടെ തലയ്ക്കു പ്രതിഫലമായി പറഞ്ഞിരുന്ന 500 പൗണ്ട് അയാളുടെതന്നെ പുനരധിവാസത്തിനുവേണ്ടി നല്കുവാൻ മോഫെറ്റ് പോലീസ് ഡിപ്പാർട്ടുമെന്റിനോട് അപേക്ഷിച്ചു. പോലീസ് മോഫെറ്റിന്റെ അഭ്യർഥന അംഗീകരിച്ചു. രക്ഷിക്കപ്പെട്ട ആ കിരാത മനുഷ്യൻ പിന്നീട് നൂറുകണക്കിന് ആളുകളെ കർത്താവിനുവേണ്ടി നേടി!

ഭീകരനായിത്തീർന്ന ഭൂതഗ്രസ്തനോട് പിശാച് എന്തുചെയ്തുവെന്നു നാം കണ്ടു. ആ വ്യക്തിയോട് സമൂഹം എങ്ങനെയാണ് ഇടപെട്ടത്? സമൂഹത്തിൽ അയാൾ ഒരു പേടിസ്വപ്നമായിരുന്നു. അതിനാൽ സമൂഹം അയാളെ ഒഴിവാക്കാൻ നോക്കി. തങ്ങളുടെ സ്വൈര്യവിഹാരത്തെ തടസ്സപ്പെടുത്തുന്ന എന്തിനെയും സമൂഹം ഒഴിവാക്കും- അതു ഭൂതഗ്രസ്തനാണെങ്കിലും, യേശുവാണെങ്കിലും. ഭൂതഗ്രസ്തനെ ഒഴിവാക്കാൻ സമൂഹം അയാൾക്കു ചങ്ങലതീർത്തു.

എന്നാൽ, യേശു അയാളുടെ ജീവിതത്തിലേക്കു വന്നത് അയാളുടെ ചങ്ങലയെ തകർത്തുകളയാനാണ്. മനുഷ്യൻ തീർത്ത ചങ്ങല മാത്രമല്ല, പിശാച് തീർത്ത ചങ്ങലയും തകർക്കുവാൻ. മനുഷ്യൻ തീർത്ത ചങ്ങല ഉരുമിപ്പൊട്ടിക്കാൻ പിശാച് അയാളെ സഹായിച്ചു. എന്നാൽ, ഇവിടെയിതാ യേശു പിശാചിന്റെ ചങ്ങലയിൽ നിന്നും അയാളെ സ്വതന്ത്രനാക്കുന്നു.

മൂന്നു കൂട്ടർ ഭൂതഗ്രസ്തനെ തേടിവരുന്നതു നാം കണ്ടു. അതുപോലെ രസകരമായ ഒരു കാര്യം മൂന്ന് അപേക്ഷകൾ ഈ വേദഭാഗത്ത് യേശുവിനോട് അപേക്ഷകർ നടത്തുന്നുണ്ട്. ഒന്നാമത്തെ അപേക്ഷ "ഭൂതത്തിന്റെ" അപേക്ഷയാണ് ഞങ്ങളെ പാതാളത്തിലേക്ക് അയയ്ക്കരുത്, പന്നിക്കൂട്ടത്തിലേക്ക് അയയ്ക്കണം" എന്നതായിരുന്നു ഭൂതത്തിന്റെ അപേക്ഷ. യേശു അത് അംഗീകരിച്ചു.

അടുത്ത അപേക്ഷ യേശുവിനോട് നടത്തുന്നത് ഭൂതഗ്രസ്തൻ സൗഖ്യമായതറിഞ്ഞ് ഓടക്കൂടിയ ഗദരനാട്ടുകാരാണ്. അത്, "ദയവായി ഞങ്ങളുടെ നാടുവിട്ടുപോകണമേ" എന്നാണ്. അതും യേശു സമ്മതിച്ചു. യേശു ഗലീലനാടിന്റെ മറുകരയിലേക്കു മടങ്ങിപ്പോകാൻ തയ്യാറായി.

മൂന്നാമത്തെ അപേക്ഷ നടത്തുന്നത് സൗഖ്യമായിത്തീർന്ന ഭൂതഗ്രസ്തനാണ്. "യേശുവേ, ദയവായി എന്നെ ഇവിടെ നിർത്തിയിട്ടുപോകരുതേ, എന്നെക്കൂടെ കൊണ്ടുപോകേണമേ" എന്നാണ് സുബോധം വന്ന ഭൂതഗ്രസ്തന്റെ അപേക്ഷ. സുബോധം വന്നവൻ യേശുവിന്റെ കൂടെ പോകുവാൻ ഇഷ്ടപ്പെടും. സുബോധമില്ലാത്തവൻ യേശുവിനെ ഓടിച്ചുവിടും. ഭൂതത്തിന്റെയും നാട്ടുകാരുടെയും അപേക്ഷ കേട്ട യേശു തന്റെ നവശിഷ്യന്റെ അപേക്ഷ മാത്രം എന്തുകൊണ്ടു കേട്ടില്ല? കാരണമുണ്ട്. ഒരു ശിഷ്യന് ഏറ്റവും മെച്ചമായത് എന്തെന്ന് അറിയാവുന്നതു ശിഷ്യനല്ല, യേശുവിനാണ്. അതുകൊണ്ട് ആത്യന്തിക നന്മയ്ക്കുതകാത്ത ഏതുകാര്യം യേശുവി

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# പുതിയ ഉടമ്പടിയുടെ ശ്രേഷ്ഠത

എബ്രായലേഖനം 8 ന്റെ 10 മുതൽ 12 വരെ

**പു**തിയ ഉടമ്പടിയെക്കുറിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു വെളിപ്പാട്, അത് ബാഹ്യമായി ഉപദേശിക്കപ്പെട്ടതല്ല എന്നുള്ളതാണ്. കർത്താവിന്റെ വാഗ്ദത്തം, അത് ഓരോരുത്തരുടെയും ഹൃദയങ്ങളിൽ എഴുതപ്പെടുന്ന നിയമത്തെ അധിഷ്ഠിതമായിട്ടായിരിക്കും എന്നുള്ളതാണ്. ഉപദേശിച്ചും ഭയപ്പെടുത്തിയും ലോകത്തിലെ ചെറിയ ചെറിയ വാഗ്ദത്തങ്ങൾ നൽകിയും മനുഷ്യരെ നിർബന്ധിച്ചു നീതി പ്രവർത്തികളിലേക്ക് എത്തിച്ചു കൊണ്ടിരുന്ന പഴയ ഉടമ്പടി പോലെയല്ല, ഹൃദയങ്ങളിൽ ആർക്കും മായിച്ചു കളയാൻ കഴിയാത്ത വിധം എഴുതപ്പെടുന്ന നീതിയുടെ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ നിയമം പ്രവർത്തിക്കുന്നത്. ആകയാൽ ഭയം കൊണ്ടോ, പ്രീണനം കൊണ്ടോ, നിർബന്ധം കൊണ്ടോ അല്ല, പ്രത്യുത ഹൃദയത്തിൽ അതായത് അന്തരാത്മാവിൽ നിന്ന് വരുന്ന നിർബന്ധമാണ് ഒരു മനുഷ്യനെ നീതിമാനും അനുസരിക്കുന്നവനും ആക്കി മാറ്റുന്നത്.

ഇങ്ങനെ ഹൃദയത്തിൽ എഴുതപ്പെടുന്നത് കൊണ്ട് എന്താണ് ഗുണം? പതിനൊന്നാം വാക്യത്തിൽ നാം കാണുന്നത് നമുക്ക് നിയമങ്ങൾ തന്ന ദൈവത്തോട് ഏകാഗ്രമായ ഒരു ബന്ധം ഉണ്ടാകും എന്നുള്ളതാണ്. കർത്താവ് പറയുന്നു: ‘ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവും ആയിരിക്കും. ‘ഹൃദയം കൊണ്ടും ആത്മാവ് കൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തുവാനും ദൈവത്തെ അറിയുവാനും ഒരു മനുഷ്യന് സാധിക്കുമ്പോൾ അവനെ ആരും ഉപദേശിക്കേണ്ടതില്ല എന്ന ഒരു അവസ്ഥ ഉണ്ടാകുന്നു. നിയമത്തിന്റെ ഒരു നിർബന്ധവും ഇല്ലാതെ, ആരും നമ്മെ നിയന്ത്രിക്കാൻ ഇല്ലാതെ, ആരും നമ്മെ വിലയിരുത്താൻ ഇല്ലാതെ ആയിരിക്കുമ്പോൾ തന്നെ നാം നീതി ഉള്ളവരായി മാറുന്നു. കാരണം അത് നമ്മുടെ ആന്തരിക സ്വഭാവമായി മാറുന്നു. മുമ്പേ ജഡത്തിന്റെ അടിമത്തത്തിൽ പാപത്തിന്റെ ദാസന്മാരായിരുന്ന നാം ഇങ്ങനെ വലിയൊരു ദൈവപ്രവൃത്തിയുടെ ഫലമായി നീതിയുടെ ദാസന്മാരായി മാറുന്നു. പുതിയ നിയമത്തിലെ അനുസരണം ആത്മാവിന്റെ നിർബന്ധം കൊണ്ടുള്ളതാണ്. ഭയമുണ്ടാക്കിയോ മോഹം ഉണ്ടാക്കിയോ ഉളവാക്കുന്നതല്ല. ഇന്നും ഈ നീതിയിലേക്ക് എത്താൻ കഴിയാതെ നരകത്തിൽ ദൈവം തള്ളിക്കളയും എന്ന ഭയം കൊണ്ട് മാത്രം അനുസരിക്കുന്നവർ ഇപ്പോഴും ‘പഴയ നിയമത്തിൽ’ തന്നെയാണ്. ഭയത്തെ തോൽപ്പിക്കുന്ന സ്നേഹമാണ് ഹൃദയത്തിൽ എഴുതപ്പെടുന്ന നിയമങ്ങൾക്ക് ആധാരം.

എബ്രായലേഖനം 8 ന്റെ 12 ൽ നമുക്ക് ദൈവവുമായുള്ള സമാധാനത്തിന്റെ

അടിസ്ഥാനം ദൈവം നമ്മുടെ അകൃത്യങ്ങളെ ഓർക്കുകയോ അവയനുസരിച്ച് നമ്മെ ശിക്ഷിക്കുകയോ ചെയ്യുകയില്ല എന്ന വാഗ്ദത്തമാണ്. ആ വാഗ്ദത്തം നമുക്ക് ലഭിക്കുന്നത് യേശുക്രിസ്തുവിന്റെ ഏകയാഗത്താൽ നാം ശുദ്ധീകരിക്കപ്പെടുന്നതുകൊണ്ടാണ്. ദൈവം നമ്മുടെ അകൃത്യങ്ങളെ ഓർക്കുകയോ നമ്മുടെ പാപത്തെ കണക്കിടുകയോ ചെയ്യുന്നില്ലെങ്കിൽ നാം സമാധാനമുള്ളവരായി ദൈവത്തിൻെറ സ്നേഹത്തിൽ വേരൂന്നുന്നവരായി മാറും. ക്രിസ്തുവിന്റെ ഈ പരിജ്ഞാനത്തിലേക്ക് എത്താൻ കഴിയാതെ തുടരുന്നടത്തോളം കാലം, നാം ഭയത്തിന് അടിമകളായിരിക്കുകയും ദൈവത്തിൻെറ നീതിക്ക് പകരം മനുഷ്യനീതി അന്വേഷിക്കുകയും ചെയ്യും.

പലരും സംശയിക്കുന്നത് നരകഭീതി എടുത്തു മാറ്റിയാൽ ആളുകൾ തോന്നുന്നതുപോലെ ജീവിക്കുകയില്ലേ എന്നാണ്. ഇതിനുത്തരം റോമാലേഖനത്തിൽ പൗലോസ് പറയുന്നു. പാപസംബന്ധമായി നിങ്ങൾ മരിച്ചു എങ്കിൽ ഇനി അതിൽ ജീവിക്കുവാൻ നിങ്ങൾക്ക് എങ്ങനെ കഴിയും? കർത്താവാണ് നിങ്ങളുടെ ഉറ്റസ്നേഹിതനെങ്കിൽ പാപത്തെ സ്നേഹിക്കുവാനും അതിൽ തുടരുവാനും നിങ്ങൾക്ക് എങ്ങനെ സാധിക്കും? അതുകൊണ്ട് വീണ്ടെടുക്കപ്പെട്ടവർ ഓരോ ദിവസവും പാപ സംബന്ധമായി മരിച്ചവരെന്നും ക്രിസ്തുവിൽ ദൈവത്തിനായി ജീവിക്കുന്നവരെന്നും തന്നെത്താൻ കരുതേണ്ടതാണ്. അതുകൊണ്ട് നാം ജഡത്തോടുള്ള കടപ്പാട് കാരണമല്ല നീതിമാന്മാരാകുന്നത്, പിന്നെയോ ആത്മാവിൽ ഉള്ള വീണ്ടെടുപ്പ് മൂലമാണ്. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ ഏറ്റവും തടസ്സമായിരുന്ന നമ്മുടെ അകൃത്യവും പാപവും യേശുക്രിസ്തുവിന്റെ യാഗം നിമിത്തം ഇനി നമ്മോട് കണക്കിടുകയില്ല എന്ന വാഗ്ദത്തം എത്ര മഹത്വമേറിയതും മനോഹരവുമാണ്.

എബ്രായലേഖനം 8 ന്റെ 13 ൽ ലേഖന കർത്താവ് പറയുന്നത് പഴയത് കാലഹരണപ്പെടുകയും നീക്കപ്പെടുകയും ചെയ്തു എന്നാണ്. അതിനർത്ഥം വേദപുസ്തകത്തിലെ പഴയനിയമ പുസ്തകങ്ങൾ നീക്കം ചെയ്യപ്പെട്ടു, ഇനി അത് നാം വായിക്കേണ്ടതില്ല എന്നല്ല. ദൈവത്തിൻെറ നിയമങ്ങൾ ഒരിക്കലും മാറുന്നില്ല. ദൈവത്തിൻെറ നീതി എന്നന്നേക്കുമായി സ്ഥിരമായിരിക്കുന്നു. എന്നാൽ സ്ഥിരമായ ഈ നീതിയുടെ ഒരു നിഴൽ മാത്രമാണ് നമ്മൾ പഴയ നിയമത്തിൽ കണ്ടത്. അത് പ്രവർത്തികൾ കൊണ്ട് പരിശ്രമിക്കുകയും തോറ്റുപോവുകയും ചെയ്ത ഒരു വ്യവസ്ഥയാണ്. ഇതിനർത്ഥം ദൈവത്തിൻെറ നീതി മാറുന്നില്ലെങ്കിലും ആ നീതിയുടെ പൂർണ്ണരൂപത്തിലേക്ക് എത്തുവാനുള്ള വ്യവസ്ഥകൾ മാറുന്നു എന്നുള്ളതാണ്.

**എങ്ങനെയാണ് ഈ വ്യവസ്ഥകൾ മാറിയത് എന്ന് മനസ്സിലാക്കാത്തതുകൊണ്ടാണ് ഇന്നും പ്രവൃത്തികളിൽ അധിഷ്ഠിതമായ ഒരു നീതിയെ മനുഷ്യർ അന്വേഷിച്ചു കൊണ്ടിരിക്കുന്നത്.**

എങ്ങനെയാണ് ഈ വ്യവസ്ഥകൾ മാറിയത് എന്ന് മനസ്സിലാക്കാത്തതു കൊണ്ടാണ് ഇന്നും പ്രവൃത്തികളിൽ അധിഷ്ഠിതമായ ഒരു നീതിയെ മനുഷ്യർ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ദൈവം നോക്കുന്നത് ക്രിസ്തുവിനോടനുരൂപപ്പെട്ടുള്ള സ്വഭാവത്തിലധിഷ്ഠിതമായ, നമ്മുടെ വീണ്ടുംജനനത്തെ ആധാരമാക്കിയുള്ള ഒരു നീതി ആണ്.

അതുകൊണ്ടുതന്നെ പഴയനിയമം പ്രവർത്തിക്കുന്നതുപോലെ അല്ല പുതിയ നിയമം പ്രവർത്തിക്കുന്നത്. അതായത് പഴയ രീതിയിലുള്ള ഭയപ്പെടുത്തലുകളും ബാഹ്യമായ നിർബന്ധങ്ങളും എടുത്തു മാറ്റുകയും നമ്മിൽ ക്രിസ്തുവിന് അനുരൂപമായി സൃഷ്ടിക്കപ്പെടുന്ന പുതിയ മനുഷ്യൻെറ സ്വഭാവത്തിൽ അധിഷ്ഠിതമായ പുതിയ നിയമത്തിലേക്ക് നമ്മെ മാറ്റുകയും ചെയ്തിരിക്കുന്നു. ചുരുക്കി പറഞ്ഞാൽ വെള്ള വസ്ത്രം ധരിക്കുന്നത് കൊണ്ടോ, ക്ലീൻ ഷേവ് ചെയ്യുന്നത് കൊണ്ടോ, ബാഹ്യമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്യുന്നതു കൊണ്ടോ, ചെയ്യാതിരിക്കുന്നതു കൊണ്ടോ അല്ല, പുതുതായി ജനിച്ചതിനാലാണ് അനുസരണം ഉള്ളവരായി മാറുന്നത്.

എബ്രായ ലേഖനം എഴുതപ്പെടുന്ന കാലയളവിൽ അനേകം ആളുകൾ പല കാരണങ്ങളാലും വിശ്വാസത്തിന്റെ വഴി ഉപേക്ഷിച്ചു പോകുവാനുള്ള പ്രവണത കാണിച്ചിരുന്നു. രണ്ടു പ്രധാന പ്രശ്നങ്ങളാണ് അന്ന് ഈയൊരു പ്രതിസന്ധി ഉളവാക്കിയത്. ഒന്നാമതായി ക്രിസ്ത്യാനികൾ അ

നുഭവിച്ചിരുന്ന പീഡനവും ജാതീയ വിവേചനവും പലരെയും മടുപ്പിച്ചിരുന്നു. അതുപോലെതന്നെ അന്ന് സഭ നേരിട്ട വേറൊരു വലിയ പ്രശ്നം യേശുക്രിസ്തുവിനെ വിശ്വസിക്കുന്നവർ പരിച്ഛേദനയും യാഗങ്ങളും പോലുള്ള പഴയ നിയമത്തിന്റെ പ്രമാണങ്ങൾ അനുസരിക്കണം എന്ന് ഉപദേശിച്ചിരുന്ന ന്യായപ്രമാണ വാദികളുടെ സ്വാധീനമായിരുന്നു. അതുകൊണ്ട് പലരും ഞങ്ങൾക്ക് യേശുവും വേണം പഴയ നിയമത്തിന്റെ പ്രമാണങ്ങളും വേണം എന്ന് ചിന്തിക്കുന്ന ഒരു കാലമായിരുന്നു.

ഇവിടെ അപ്പോസ്തലൻ വ്യക്തമാക്കുന്നത് യേശുക്രിസ്തുവിന്റെ ഏകയാഗത്തിലധിഷ്ഠിതമായ പുതിയ ഉടമ്പടിയിലേക്ക് പ്രവേശിച്ചിരിക്കുന്ന ഒരാൾ പഴയതുമായി എന്നന്നേക്കുമായി വേർപ്പെട്ടിരിക്കുന്നു എന്നാണ്. വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്ന പഴയ യാഗങ്ങളിലേക്ക് തിരിയുമ്പോൾ യേശുക്രിസ്തുവിന്റെ ഏകയാഗത്താൽ നമുക്ക് ലഭിച്ച പ്രത്യാശയെ തള്ളിപ്പറയുകയാണ് ചെയ്യുന്നത്. അതുകൊണ്ട് എബ്രായ ലേഖനത്തിന്റെ ഓരോ അധ്യായത്തിലും പഴയതിനെയും കൂടെ പിടിക്കുവാൻ ശ്രമിക്കുന്ന ആളുകൾക്കുള്ള മുന്നറിയിപ്പ് നമുക്ക് കാണുവാൻ സാധിക്കും. ഇന്നും ഇതേ സാഹചര്യം പലപ്പോഴും നിലനിൽക്കുന്നതായി കാണാം. മനുഷ്യരെ ഭയന്നും, ഒറ്റപ്പെടുമോ എന്ന് പേടിച്ചും, പഴയതും പുതിയതും ഒരുപോലെ അനുഷ്ഠിക്കാൻ ശ്രമിക്കുന്ന അനേകം ആളുകൾ നമ്മുടെ ചുറ്റുമുണ്ട്. പലരും നിസ്സഹായത മൂലവും, മനുഷ്യഭയവും, മനുഷ്യരിൽനിന്നുള്ള മാനവും ആഗ്രഹിച്ചു കൊണ്ടുമാണ് അങ്ങനെ തുടരുന്നത്. എന്നാൽ പുതിയ നിയമസഭയായി വേർപെട്ട പല സഭകൾ പോലും ഇത്തരം പ്രവണതകൾ ഖണ്ഡിച്ചു വിശ്വാസികളെ പഠിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യാത്തതിനാൽ ഒരിക്കലുപേക്ഷിച്ചതിലേക്കു മടങ്ങിപ്പോകുവാൻ പ്രേരിപ്പിക്കുന്നു എന്ന വലിയ തെറ്റ് അവരറിയാതെ ചെയ്തുകൊണ്ടിരിക്കുന്നു. •

# താലന്തുകൾ നമ്മുടെ സ്വന്തമല്ല

**ഒരു മനുഷ്യൻ പരദേശത്തു പോകുമ്പോൾ ദാസന്മാരെ വിളിച്ചു തന്റെ സമ്പത്ത് അവരെ ഏല്പിച്ചു (മത്തായി 25:14).** അവനവന്റെ പ്രാപ്തിക്കനുസരിച്ച അഞ്ച്, രണ്ട്, ഒന്ന് എന്നിങ്ങനെയാണ് യജമാനൻ താലന്തുകൾ ഏല്പിച്ചത്. യജമാനന്റെ ധനം അവർക്കു ദാനം ചെയ്തതല്ല, സൂക്ഷിക്കാൻ കൊടുത്തതുമല്ല മറിച്ച് വ്യാപാരം ചെയ്ത് വർധിപ്പിക്കാൻ കൊടുത്തതായിരുന്നു. യജമാനൻ അതു പ്രത്യേകം പറയുന്നില്ലെങ്കിലും മൂവർക്കും അതു അറിയാമായിരുന്നു. യജമാനൻ തന്റെ മുതൽ എങ്ങനെയാണു കൈകാര്യം ചെയ്തുകൊണ്ടിരുന്നതെന്നു കണ്ടറിഞ്ഞിരുന്ന ദാസന്മാർക്ക് യജ്മാനന്റെ ഇഷ്ടം നന്നായി അറിയാമായിരുന്നു. ദൈവരാജ്യത്തെ സംബന്ധിച്ച കാര്യങ്ങളായിരുന്നു ഉപമയായും മറ്റും ആ സന്ദർഭത്തിൽ യേശു പഠിപ്പിച്ചുകൊണ്ടിരുന്നത്. താൻ ചെയ്തു കാണിച്ചതൊക്കെ തുടരുവാനാണല്ലോ ശിഷ്യന്മാരോട് യേശു ആവശ്യപ്പെട്ടത്. ദൈവരാജ്യത്തിന്റെ ധനം മൺപാത്രങ്ങളിൽ പകരപ്പെട്ട സുവിശേഷത്തിന്റെ ശക്തിയാണ്. അതിനെ വ്യാപാരം ചെയ്തു ലാഭമുണ്ടാക്കുന്നതിൽ അപ്പോസ്തലപിതാക്കന്മാർ വിജയിച്ചു. യേശു പഠിപ്പിച്ച വചനങ്ങളും, കാണിച്ച മാതൃകയും, പരിശുദ്ധാത്മാവു നല്കിയ അഭിഷേകവും ആ വ്യാപാരം വിജയകരമായി ചെയ്യുന്നതിന് തുണയായി. നമുക്കും അതേ നിയോഗവും മാതൃകയുമാണ് പിൻപറ്റുവാനുള്ളത്. പുത്രത്വവും അവകാശങ്ങളും നമുക്കുണ്ട്, പ്രാർഥനാമുറിയിൽ ആ പദവി നമുക്കുപയോഗിക്കാം. എന്നാൽ വയലിൽ നാം ദാസന്മാരാണ്. കൃഷിയെന്നോ വ്യാപാരമെന്നോ ഏതു സാദൃശ്യം ഉപയോഗിച്ചാലും നമ്മെ ഭരമേല്പിച്ചിരിക്കുന്ന ആത്മിക ദൗത്യങ്ങളുടെ നിർവ്വഹണമാണ് വിവക്ഷിക്കുന്നത്. അത് യജമാനനു വേണ്ടി ചെയ്യണം. താലന്തുകൾ, അതായത് ദൗത്യ നിർവ്വഹണത്തിനായി നമുക്കു തന്നിരിക്കുന്ന കഴിവുകൾ നമ്മുടേതല്ല ദൈവം ഭരമേല്പിച്ചതാണെന്ന ബോധ്യമുണ്ടെങ്കിലേ അത് കർത്താവിനായി വിനിയോഗിക്കാൻ കഴിയൂ. കഴിവുകൾ നമ്മുടേതല്ല എന്ന ശരിയായ ബോധ്യമുണ്ടെങ്കിൽ അതിന്റെ പേരിലുള്ള ഉന്നതഭാവവും വൃഥാപ്രശംസയും ഒഴിവാക്കാനാവും. താലന്തു കുഴിച്ചിട്ടവനെ മടിയനെന്നു മാത്രമല്ല 'ദുഷ്ടദാസൻ' എന്നുകൂടിയാണ് യജമാനൻ വിളിക്കുന്നത്. നല്ലദാസന്മാരാകാൻ നമുക്കു ശ്രമിക്കാം



**ജോർജ് മാത്യു, പുതുപ്പള്ളി**

# പ്രാണപ്രിയനായ യേശു

**ലോ**കരക്ഷകനായി ഭൂമിയിൽ ഉദിച്ച യേശുക്രിസ്തുവിന്റെ ജനനം ലോകമെമ്പാടും ആക്ഷരികമായി കൊണ്ടാടാറുണ്ട്. 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം' എന്ന ദൈവദൂതശബ്ദം ലോകത്തിലിന്നും മാറ്റൊലിക്കൊള്ളുകയാണ്. വേർപെട്ട ദൈവമക്കളായ നാം മഹാദൈവമായ യേശുകർത്താവിന്റെ ദിവ്യജനനം ആക്ഷരികമായി കൊണ്ടാടുന്നില്ല. ലോകരക്ഷകനായ ക്രിസ്തു എന്നെന്നും നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്നതാണു കാരണം. നമ്മുടെ ഓരോ ശ്വാസോച്ഛ്വാസത്തിലും ക്രിസ്തുവിന്റെ ഓർമ്മ നിറഞ്ഞുനിൽക്കണം.

യേശുക്രിസ്തുവിൽ നിസ്തുല്യമായ ഗുണവിശേഷങ്ങൾ മാത്രമേയുള്ളു. ലോകത്തിലെ മറ്റ് ഗുരുക്കന്മാരുടെയും പ്രവാചകന്മാരുടെയും ഗണത്തിൽ ഒരുവൻ മാത്രമാണോ യേശു? 'ഇവനിൽ യാതൊരു കുറ്റവും കാണുന്നില്ല' എന്ന് മൂന്നു തവണ ന്യായാധിപൻ പ്രഖ്യാപിച്ച ശേഷം ഏറ്റവും വലിയ ശിക്ഷ ഏറ്റുവാങ്ങിയ ഒരേയൊരു വ്യക്തി. ആദ്യകാലത്ത് യേശുവും സുവിശേഷവും വാസ്തവമല്ല എന്നു തെളിയിക്കാനാണ് സാത്താൻ ശ്രമിച്ചത്. അതു വിജയിച്ചില്ല എന്നു കണ്ടപ്പോൾ വിശുദ്ധ ബൈബിളിലെ ആശയങ്ങളെല്ലാം മറ്റു മതങ്ങളിലുമുണ്ടെന്ന് വരുത്തിത്തീർക്കാനായി ശ്രമം. അവിടെയും രക്ഷയില്ല എന്നു കണ്ടപ്പോൾ ഏറ്റവുമൊടുവിലായി അവൻ പറയുന്നത് സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ക്രിസ്ത്യാനികൾ ജീവിക്കുന്നില്ല എന്നാണ്.

എന്നാൽ ആരാണ് യേശു? പതിനായിരങ്ങളിൽ അതിശ്രേഷ്ഠനും, ദൈവാധിദൈവവും രാജാധിരാജാവും, അത്ഭുതമന്ത്രിയും, വീരനാംദൈവവും, നിത്യപിതാവും, സമാധാനപ്രഭുവും ലോകരക്ഷകനുമായ യേശു 'വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു'എന്നതു തന്നെ (യോഹന്നാൻ1 :14).

സ്വജീവിതത്തിൽ പ്രയോഗികമാക്കാത്ത ഒരുപദേശവും യേശു പഠിപ്പിച്ചിരുന്നില്ല. മതപ്രഭാഷണങ്ങളെല്ലാം ആരിലും രൂപാന്തരം വരുത്താതെ അങ്ങനെ തന്നെ ശേഷിക്കുന്നു. തത്വജ്ഞാനമോ, സന്മാർഗോപദേശമോ മാത്രമാണവ. ക്രൂശിതനായ യേശുവിനെ നോക്കുക. അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടിരുന്ന നേരത്തു, 'പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതെന്ന് അറിയായ്ക കൊണ്ട് ഇവരോടു ക്ഷമിക്കണമേ' എന്ന് പ്രാർത്ഥിച്ചു. ക്ഷമയുടെ വചനം പ്രായോഗികമായി വെളിപ്പെടുത്തി.

യേശുകർത്താവ് ക്രൂശിന്മേൽ തൂങ്ങി. രണ്ടു കള്ളന്മാരുടെ നടുവിൽ അവരിൽ ഒരുവനെപ്പോലെ ക്രൂശിക്കപ്പെട്ടു. അവിടുന്ന് നമ്മുടെ പാപങ്ങളുമായി ഏകീഭവിച്ചുകൊണ്ട് 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?' എന്ന് നമ്മുടെ പകരക്കാരനായി പ്രാർത്ഥിച്ചു. നമ്മുടെ പാപങ്ങളെ തന്റെ ശരീരത്തിൽ പേറി യേശു നമുക്കുവേണ്ടി പാപയാഗമായിത്തീർന്നു. ത്യാഗത്തിന്റെ വചനം അവിടെ പ്രായോഗികമായി

വെളിപ്പെടുത്തി. മനുഷ്യർക്ക് ദൈവീകത ചാർത്തുവാൻ ശ്രമിച്ചതിന്റെ ഫലം വൈകൃതങ്ങളായിരുന്നു. ലോകത്തിലേയ്ക്കും ഏറ്റവും മനോഹരമായ ജീവിതമായിരുന്നു യേശുവിന്റേത്. ഇതുപോലൊരു ആളത്വത്തെ ആർക്കും ഒരിക്കലും ഭാവനയിൽ മെനഞ്ഞെടുക്കുവാൻ കഴിയുമായിരുന്നില്ല. യേശുവിന്റേതിന് സമാനമായ ആളത്വത്തെ സൃഷ്ടിക്കുവാൻ സാധാരണ മനുഷ്യർക്ക് സാദ്ധ്യമല്ല. അതുകൊണ്ട് പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നതുപോലെ യേശുക്രിസ്തു ജനിക്കുകയും ജീവിക്കുകയും പ്രവർത്തിക്കുകയും മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും സ്വർഗ്ഗാരോഹണം ചെയ്യുകയും വീണ്ടും വരികയും ചെയ്യുമെന്ന് നാം അടിയുറച്ചു വിശ്വസിക്കുന്നു.

അപ്പൊസ്തലന്മാർ യേശുവിനെ സ്മരിക്കുക മാത്രമായിരുന്നില്ല, യഥാർത്ഥമായി അനുഭവിക്കുകയായിരുന്നു. 'എന്റെ അടുക്കലേക്കു വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും' എന്ന് യേശു പറഞ്ഞു. ജനം തന്റെ അടുക്കൽ ചെല്ലുകയും ആശ്വാസം കണ്ടെത്തുകയും ചെയ്തു. ഈ യേശു ചരിത്രത്തിന്റെ ഏടുകളിൽ മറഞ്ഞു കിടക്കുന്ന യേശു മാത്രമല്ല, മേഘാരൂഢനായി വരാനിരിക്കുന്ന യേശുവുമല്ല, പിന്നെയോ ഇപ്പോൾ നമ്മിൽ ജീവിക്കുന്ന യേശുവാണ്. അവൻ പാപികളെ രക്ഷിക്കുന്നവനും രോഗികളെ സൗഖ്യമാക്കുന്നവനും പരിശുദ്ധാത്മാവിനെ നൽകുന്നവനുമാണ്.

സുവിശേഷത്തെ സംബന്ധിച്ച് ഏറ്റവും മനോഹരമായിരിക്കുന്ന വസ്തുത ഇതാണ്: 'യേശു ഇന്നും ജീവിക്കുന്നു. ഏതുസമയത്തും എവിടെയും നമുക്ക് യേശുവിനെ  ലഭ്യമാണ്. യേശുവിനെ നമുക്കു ദർശിക്കാം, യേശുവുമായി സംസാരിക്കാം, തന്റെ ഇമ്പകരമായ ശബ്ദം കേൾക്കുകയും ചെയ്യാം. യേശുവിനെ കാണാൻ പുണ്യസ്ഥലങ്ങളിലേക്കൊന്നും തീർത്ഥയാത്ര പോകേണ്ടതില്ല. കർമ്മങ്ങളും അനുഷ്ഠാനങ്ങളും നടത്തേണ്ടതുമില്ല. ആരുടെയും സഹായവും ശുപാർശയുമില്ലാതെ ഏതുസമയത്തും നമുക്ക് തന്റെ സമീപത്തേക്കു ചെല്ലാം' (എബ്രായർ 4 : 14 - 16).

തന്റെ ശുശ്രൂഷ തുടരുവാൻ നിർവാഹമില്ലാത്ത അവസ്ഥയിൽ ഒരു യുവവൈദികൻ, രോഗിയായി നിരാശപ്പെട്ട് ഭഗ്നാശനായി ജീവിക്കുമ്പോൾ ഒരു പ്രാർത്ഥനാഹാളിന്റെ ഭിത്തിമേൽ ഇങ്ങനെ ഒരു വാചകം കുറിച്ചിട്ടിരിക്കുന്നതു കണ്ടു: 'യേശു ഇവിടെയുണ്ട്. ഇവിടെ എന്തും സംഭവിക്കാം.' അദ്ദേഹം അതു വീണ്ടും വീണ്ടും വായിച്ചു.'ഇത് എനിക്കു സംഭവിക്കുമോ?' എന്നു ചിന്തിച്ച് ആ പ്രാർത്ഥനാഹാളിലേക്കു കയറി. യേശു അദ്ദേഹത്തെയും കാത്ത് അവിടെ ഉണ്ടായിരുന്നു. അദ്ദേഹം മുഴങ്കാലിലിരുന്ന് തന്റെ ഭാരങ്ങളും നിരാശയും ഇച്ഛാഭംഗവുമെല്ലാം യേശുവിന്റെ പാദത്തിൽ കാഴ്ചവച്ചു. മുട്ടിന്മേൽ നിന്ന് എഴുന്നേറ്റപ്പോൾ അദ്ദേഹം ഒരു പുതിയ മനുഷ്യനായിത്തീർന്നു. ജീവനും ശക്തിയും ചൈതന്യവും നിറഞ്ഞവനായി സുവിശേഷഘോഷണത്തിൽ കൂടുതൽ ഉത്സാഹത്തോടെ അദ്ധ്വാനിക്കാൻ തീരുമാനിച്ചുകൊണ്ടു മടങ്ങിപ്പോയി.

യേശു ഒരു സിദ്ധാന്തം മാത്രമല്ല, അതിലുപരി അനുഭവമാണ്. യേശുവിലേക്കു വരുന്നവർക്ക് സന്തോഷത്തോടെ ഇങ്ങനെ പറയുവാൻ കഴിയും: 'ഇതാ, ഒരു മനുഷ്യൻ, അവനിൽ സകല സത്യങ്ങളും ഉൾക്കൊണ്ടു കിടക്കുന്നു.' ക്രിസ്തുവിന്റെ തിരുവായ്മൊഴികൾ വെറും ആദർശവാദങ്ങൾ ആയിരുന്നില്ല. സ്വന്തജീവിതത്തിൽ പ്രായോഗികമാക്കാത്ത ഒരുപദേശവും യേശു പറഞ്ഞിട്ടില്ല.

ശത്രുക്കളെ സ്നേഹിക്കാനും, അവർക്കുവേണ്ടി പ്രാർത്ഥിക്കാനും സൽഗുണപൂർണനായി ജീവിക്കുവാനും യേശുവിനു കഴിഞ്ഞു. തന്റെ ധാർമികപ്രമാണങ്ങൾ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കാതെ, നന്മയുടെയും ദൈവസ്വഭാവത്തിന്റെയും മൂർത്തീമത്ഭാവമായിരുന്നു യേശു. നിത്യജീവന്റെ അടിസ്ഥാന പ്രമാണങ്ങൾ ഉപദേശങ്ങളിലൂടെ ഉയർത്തിക്കാട്ടി. വെറും കല്പനകളുടെ ഒരു നീണ്ട പട്ടിക നൽകുകയായിരുന്നില്ല ക്രിസ്തു.

യഹൂദാശാസ്ത്രിമാരെപ്പോലെയല്ല, അധികാരമുള്ളവനായിട്ടത്രെ യേശു ഉപദേശിച്ചത്. 'ഞാനോ നിങ്ങളോടു പറയുന്നു' എന്നുള്ള അധികാരസ്വരമാണ് ക്രിസ്തുവിൽ നിന്നും പുറപ്പെട്ടത്. ശൂലേമിയെപ്പോലെ യെരുശലേം പുത്രിമാരോടു ചേർന്ന് നമുക്കും പറയാം: 'എന്റെ പ്രിയൻ വെണ്മയും ചുവപ്പും ഉള്ളവൻ, പതിനായിരം പേരിൽ അതിശ്രേഷ്ഠൻ തന്നെ. അവന്റെ വായ് ഏറ്റവും മധുരമുള്ളത്. അവൻ സർവാംഗസുന്ദരൻ തന്നെ. യെരുശലേം പുത്രിമാരേ, ഇവനത്രെ എന്റെ പ്രിയൻ, ഇവനത്രെ എന്റെ സ്നേഹിതൻ' (ഉത്തമഗീതം 5: 10,16). ഈ ആത്മപ്രിയനായ യേശുവിനെ ലോകത്തിനു വിളംബരം ചെയ്യുന്ന നല്ല പത്രങ്ങളായി നമുക്കു ജീവിക്കാം

•



ഫ്രാൻസിസ് ഫ്രാങ്കിപെൻ

# നറുമണം പരത്തുന്ന പൂന്തോട്ടമാവുക...

***ആരും ദൈവകൃപയിൽ കുറവുള്ളവരാകാതിരിക്കാനും കൈപ്പുള്ള വല്ല വേരും മുളച്ചു വളർന്ന് കലക്കമുണ്ടായി അനേകർ മലിനരാകാതിരിക്കാനും സൂക്ഷിക്കുക (എബ്രായർ 12:15).***

**അ**ന്ത്യകാലത്ത് മനുഷ്യർ സ്വാർത്ഥരും ധനമോഹികളും വീമ്പിളക്കുന്നവരും അഹങ്കാരികളും ദൈവദൂഷകരും മാതാപിതാക്കളെ അനുസരിക്കാത്തവരും നന്ദികെട്ടവരും നാസ്തികരും മനുഷ്യത്വമില്ലാത്തവരും കൊടുംക്രൂരരും അപഖ്യാതി പരത്തുന്നവരും ആത്മനിയന്ത്രണമില്ലാത്തവരും നിഷ്ഠൂരരും സദ്ഗുണവൈരികളും ആയിത്തീരും. ഇത്തരത്തിലേതെങ്കിലും അനീതിയോ ഹൃദയവേദനയോ അനുഭവിക്കാതെ ഈ ലോകത്തിലൂടെ കടന്നുപോകുക അസാധ്യമാണ്. ഇങ്ങനെയുള്ള പോരാട്ടങ്ങളെ നാം ക്രിസ്തുകേന്ദ്രീകൃതമായി നേരിടുന്നില്ലെങ്കിൽ ആത്മാവിനുണ്ടാകുന്ന മുറിവ് നമ്മുടെ ഉള്ളിൽ ആഴത്തിലുള്ള കൈപ്പു സൃഷ്ടിക്കുകയും, ആത്മീയജീവിതത്തെത്തന്നെ വിഷലിപ്തമാക്കുകയും ചെയ്യും.

എന്റെ നാൽപ്പത്തിയാറ് വർഷത്തെ ശുശ്രൂഷയിൽ, ഉള്ളിൽ കോപത്തോടെയും വെറുപ്പോടെയും നീരസത്തോടെയും ജീവിക്കുന്നവരെ കണ്ടിട്ടുണ്ട്. എല്ലാം ഉള്ളിൽ മറച്ചുപിടിച്ചു മാന്യമായി ജീവിക്കുന്ന നിരവധി ക്രിസ്ത്യാനികളെ എനിക്കറിയാം. അഗ്നിപർവ്വതത്തിനുള്ളിൽ ലാവാ തിളച്ചു മറിയുന്നതു പോലെ ഹൃദയത്തിൽ കൈപ്പു തിളച്ചു മറിയുമ്പോഴും വളരെ സമർത്ഥമായി സ്നേഹം വഴിഞ്ഞൊഴുകുന്ന വിധത്തിൽ അഭിനയിക്കുന്നു ഇത്തരക്കാർ. അവർ കൈപ്പിന്റെ വിഷം സമർത്ഥമായി മറച്ചുവെച്ചു കൊണ്ട് ക്രിസ്തുവിന്റെ ജീവനിൽ നിന്നകന്ന് ആത്മീയമായി മരിച്ച് നരകയോഗ്യരായി മാറുന്നു. ആളുകളോട് കോപത്തോടെ പ്രതികരിക്കുന്നത് തെറ്റാണെന്ന് നമുക്കറിയാം. എന്നിരുന്നാലും ഈ പാപം ഏറ്റുപറഞ്ഞു ഉന്മൂലനം ചെയ്യുകയും ദൈവത്തിന് കീഴടങ്ങുകയും ചെയ്യുന്നതിനു പകരം, കോപത്തെ നാം അടിച്ചമർത്തുന്നു. അടിച്ചമർത്തപ്പെട്ട കോപം കൈപ്പായി മാറുന്നു. അത് വാസ്തവത്തിൽ പൂർത്തീകരിക്കാത്ത പ്രതികാരമാണ്. ഏതെങ്കിലും സന്ദർഭത്തിൽ അവസരോചിതമായി പ്രതികാരം നിവർത്തിക്കുകയും ചെയ്യും.

കൈപ്പിന്റെ ആത്മാവ് ചില വ്യക്തികളെ കുടുക്കിൽപ്പെടുത്തിയിരിക്കുന്നു. അവർ വേദനയുടെ ഓർമ്മയിൽ വസിക്കുന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഞാൻ ഒരു സ്ത്രീയെ കണ്ടുമുട്ടി. വിവാഹമോചനം വരെയെത്തിയ പ്രയാസകരമായ അവസ്ഥ അവർ അനുഭവിച്ചു. ഇടയ്ക്കിടയ്ക്ക് ഞാൻ അവളുമായി സംസാരിച്ചു കൊണ്ടിരുന്നു. ഞങ്ങൾ സംസാരിക്കുമ്പോഴെല്ലാം അവൾ തന്റെ മുൻ ഭർത്താവിനെക്കുറിച്ച് തുടക്കത്തിൽ പറഞ്ഞിരുന്ന നെഗറ്റീവ് കാര്യങ്ങൾ കൈപ്പോടെ പറഞ്ഞു. അവൾ അയാളിൽ നിന്ന് വിവാഹമോചനം നേടിയെങ്കിലും, ഹൃദയവേദനയിൽ സ്വയം ബന്ദിയാക്കി നിർത്തിയ കൈപ്പുള്ള ആത്മാവാണ് അവളെ ഗ്രസിച്ചിരിക്കുന്നത്. കൈപ്പ് അവളിൽ പകയും കോപവും ആയി

പരിണമിച്ചു. അവളുടെ മനോഭാവം ക്രമപ്പെടുത്തുന്നതിനു പകരം കോപത്തിന്റെ ആത്മാവ് മറ്റുള്ളവരെ നിരന്തരം കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു.

തന്റെ കൈപ്പിന് ദൈവത്തെ കുറ്റപ്പെടുത്തിയ ഒരു വ്യക്തിയാണ് രൂത്തിന്റെ പുസ്തകത്തിലെ നവോമി. തന്റെ ജീവിതത്തിൽ കഷ്ടപ്പാടുകളും നഷ്ടങ്ങളും ദൈവം അനുവദിച്ചതിൽ അവൾക്കു നീരസം ഉണ്ടായി. 'കർത്താവ് എന്നെ ശൂന്യതയിലേക്ക് കൊണ്ടുവന്നു' (രൂത്ത് 1:21). ദൈവമാണ് തന്റെ ദുഖത്തിന്റെ കാരണം എന്നല്ലേ അവൾ പറഞ്ഞത്. നഷ്ടം സഹിച്ച ഇയ്യോബിന്റെ ജീവിതവുമായി അവളുടെ ജീവിതത്തെ താരതമ്യം ചെയ്യുക (ഇയ്യോബ് 1). ഇയ്യോബിന് മക്കളും സ്വത്തുക്കളും നഷ്ടപ്പെട്ടു. എന്നിട്ടും അവൻ കുമ്പിട്ട് ദൈവത്തെ ആരാധിച്ചു: 'യഹോവ തന്നു, യഹോവഎടുത്തു. കർത്താവിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ' എന്ന് പ്രതിവചിച്ചു. (ഇയ്യോബ് 1:21).

നാം എങ്ങനെ ദു:ഖത്തെ കൈകാര്യം ചെയ്യുന്നു എന്നത് നമ്മുടെ ദൈവാരാധനയുടെ ആഴം വെളിപ്പെടുത്തുന്നു. കഷ്ടങ്ങളിൽ കർത്താവിൽ സന്തോഷിക്കുവാൻ കഴിയുന്നവർ ഹൃദയവേദനയ്ക്കിടയിലും സത്യാരാധനയുടെ മാതൃകകളായി മാറും. വർഷങ്ങളായി വേദനയിലൂടെ അവർ ശുദ്ധീകരിക്കപ്പെടുകയും ദിവ്യസമാധാനത്താൽ നിറയുകയും ചെയ്യും. 'ഞങ്ങൾക്കുണ്ടാകുന്ന സകലകഷ്ടതകളിലും അവിടന്നു ഞങ്ങളെ ആശ്വസിപ്പിക്കുന്നു. അതുകൊണ്ട് ഞങ്ങളും ഏതുതരം കഷ്ടതയിൽ ആയിരിക്കുന്നവരെയും ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്ന ആശ്വാസത്താൽ, ആശ്വസിപ്പിക്കാൻ പ്രാപ്തരായിരിക്കുന്നു'(2 കൊരിന്ത്യർ 1:3,4 ).

പ്രിയപ്പെട്ടവരുടെ പെട്ടെന്നുള്ള വിരഹവേദന അനുഭവിച്ചവരെ എനിക്കറിയാം. അവർ ദു:ഖിതരായി ആഴ്ചകൾക്കുള്ളിൽ ദൈവത്തിൽ നിന്ന് അകന്നു. പ്രതികൂലാവസ്ഥയിൽ നമ്മുടെ സ്വഭാവം എത്രമാത്രം ക്രിസ്താനുരൂപമായി രൂപാന്തരപ്പെട്ടു എന്ന് വെളിവാക്കുന്നു. നമ്മുടെ ഉള്ളിൽ എന്താണ് സംഭവിക്കുന്നതെന്ന് അത് തുറന്നുകാട്ടുന്നു.

പുരാതനകാലത്ത് മനുഷ്യവർഗ്ഗം സസ്യജാലങ്ങളിൽ പരീക്ഷണംനടത്തി ഏതൊക്കെ സസ്യങ്ങളാണ് ഭക്ഷ്യയോഗ്യമെന്നും വിഷമുള്ളതെന്നും അറിയാൻ ശ്രമിച്ചു. അവരുടെ അന്വേഷണത്തിൽ, ഒരു ചെടിയോ പഴമോ മധുരമുള്ളതാണെങ്കിൽ, അത് കഴിക്കുന്നത് സുരക്ഷിതമാണെന്ന് കണ്ടെത്തി. വിഷമുള്ള സസ്യങ്ങൾ, മനുഷ്യരെ രോഗികളാക്കുകയോ മരണത്തിലേക്ക് നയിക്കുകയോ ചെയ്യും. ഇതുപോലെ കൈപ്പിന്റെ വിഷം നിങ്ങളുടെ ആത്മാവിൽ പ്രവേശിച്ചേക്കാം. അത് ഒരു വലിയ നിരാശയാലോ കഷ്ടതാലോ ഒരുവനിൽ ആരംഭിക്കാം. ഒരു ഗ്ലാസ് വെള്ളത്തിൽ മഷി പടരുന്നതുപോലെ കൈപ്പു മനുഷ്യാത്മാവിൽ പ്രവേശിച്ചുകഴിഞ്ഞാൽ, അത് നമ്മുടെ അസ്തിത്വത്തിന്റെ എല്ലാ വശങ്ങളെയും ഇരുണ്ടതാക്കും. ജീവിതത്തെ നശിപ്പിക്കുക മാത്രമല്ല, കേൾവിക്കാരെ 'കൈപ്പിന്റെ വേര്' മലിനമാക്കും എന്ന് തിരുവെഴുത്തു മുന്നറിയിപ്പ് നൽകുന്നു (എബ്രായർ 12:15). കൈപ്പിന്റെ ഉത്ഭവം ജീവിതത്തിൽ മറഞ്ഞിരിക്കുന്ന പരിഹരിക്കപ്പെടാത്ത കോപമാണ്.

ആരെങ്കിലും നമ്മെ വേദനിപ്പിച്ച സാഹചര്യം മറ്റുള്ളവരുമായി ചർച്ച ചെയ്യാൻ തുടങ്ങുന്നതുവരെ ബാഹ്യമായി നാം 'ശരിയായ ക്രിസ്ത്യാനിയായി' കാണപ്പെടുന്നു. സംസാരിക്കുമ്പോൾ 'കൈപ്പിന്റെ വേര്' മറ്റുള്ളവരെ മലിനമാക്കുകയും ചെയ്യുന്നു. കൈപ്പിനെ നിർമ്മൂലമാക്കുന്നില്ലെങ്കിൽ മറ്റുള്ളവരോട് സംസാരിക്കുമ്പോൾ വാക്കുകളിലൂടെ ആ കൈപ്പു ബഹിർഗ്ഗമിച്ച് അവരെയും മലിനമാക്കും.


നിങ്ങളുടെ വാക്കുകൾ കൊണ്ട് അവരെ മലിനമാക്കരുത്. കൈപ്പുളവാക്കുന്ന വാക്കുകൾ നിങ്ങൾ കേൾക്കുകയാണെങ്കിൽ കൈപ്പിന്റെ ആത്മാവ് നിങ്ങളുടെ ജീവിതത്തിലേക്കു പകരുന്നില്ലെന്നു ഉറപ്പു വരുത്തിക്കൊള്ളണം.

നമ്മെ കൈപ്പിൽ നിന്ന് രക്ഷിക്കാൻ ദൈവം ആഗ്രഹിക്കുന്നു. അങ്ങനെയെങ്കിൽ യഥാർത്ഥത്തിൽ മറ്റുള്ളവരെ, വിശേഷാൽ ആരോട് കൈപ്പു തോന്നിയിരുന്നുവോ അവരെ സ്നേഹിക്കുവാനും ഹൃദയപൂർവ്വം ഇടപെടുവാനും സന്തോഷിക്കുവാനും കഴിയും.

അതിനാൽ, നമുക്ക് ആത്മാർത്ഥമായി കൃപാസനത്തെ സമീപിച്ച് നമ്മുടെ ഹൃദയത്തെ ക്രിസ്തുവിന്റെ ദിവ്യസ്വഭാവമാകുന്ന നറുമണം പരത്തുന്ന ഒരു പൂന്തോട്ടമാക്കുവാൻ ദൈവത്തോട് അപേക്ഷിക്കാം. 'നശിച്ചുപോകുന്നവർക്കു മരണത്തിൽനിന്ന് മരണത്തിലേക്കുള്ള ദുർഗന്ധവും, രക്ഷിക്കപ്പെടുന്നവർക്ക് ജീവനിൽനിന്ന് നിത്യജീവനിലേക്കുള്ള സുഗന്ധവും' (2 കൊരിന്ത്യർ 2: 16) എന്ന വചനവെളിച്ചത്തിൽ നമുക്ക് നമ്മെത്തന്നെ പരിശോധിക്കാം •



പി വി  വർഗീസ്



# അദൃശ്യ ചങ്ങലയാൽ ബന്ധിക്കപ്പെട്ടവർ

ഊരാക്കുടുക്കിൽപ്പെടുത്തുന്ന ഒരു വലിയ കെണിയാണ് രസത്തിനു തുടങ്ങിശീലമായിപ്പോയ ആസക്തി. ചില വർഷങ്ങൾക്കു മുമ്പ് ഒരു സുഹൃത്തുമായി സംസാരിക്കുമ്പോൾ താൻ അകപ്പെട്ടുപോയ, രക്ഷപ്പെടാൻ കഴിയാത്ത, സ്വൈര്യം കെടുത്തുന്ന ഒരു കെണിയുടെ വിപത്ത് ഹൃദയവേദനയോടെ വിവരിക്കയുണ്ടായി. എല്ലാ ദിവസവും രാവിലെ എഴുന്നേൽക്കുമ്പോൾ ഉത്തമമായ ഒരു തീരുമാനത്തോടെയാണ് ആ ദിവസം തുടങ്ങുന്നത്. മോശമല്ലാത്ത ബിസിനസ്സുണ്ട്. അത് നന്നായി നടത്തുവാനും ജീവിതം സന്തോഷപൂരിതമാക്കുവാനും 'ഇന്ന് മുതൽ ഞാൻ മദ്യപിക്കയില്ല' എന്ന ഉറച്ച തീരുമാനത്തോടെ ഓരോ ദിവസവും ആരംഭിക്കുന്നു. ഉച്ച കഴിഞ്ഞു നാലുമണി വരെ എടുത്തതീരുമാനത്തിൽ ഉറച്ചു നിൽക്കും. പലവുരു തീരുമാനം മനസ്സിൽ ആവർത്തിച്ചുറപ്പിക്കും. എന്നാൽ വല്ലാത്ത ഒരു ദുര്യോഗം നാലുമണിയോടെ വന്നുചേരും. മനസ്സിൽ വലിയ വടംവലി നടക്കുകയാണ്. ആരോ വന്നു ബലാത്ക്കാരേണ തന്നെ പിടിച്ചുകൊണ്ടുപോകുവാൻ ശ്രമിക്കുന്നതു പോലെ ഒരു തോന്നൽ. ഇല്ല ഞാൻ മദ്യപാനം നിർത്തി, ശേഷിക്കുന്ന കാലം കുടുംബത്തിൽ ഭാര്യയ്ക്കും മക്കൾക്കും താൻ ഒരു ആശ്വാസമായിരിക്കണം. സന്തോഷമായി ജീവിക്കണം. കഷ്ടിച്ചു അഞ്ചുമണി വരെ മൽപ്പിടുത്തം തുടരും. പിന്നെ പതിവുപോലെ കീഴടങ്ങേണ്ടി വരുന്നു. ഷട്ടർ താഴ്ത്തി, കടപൂട്ടി, പുറത്തേക്കിറങ്ങുകയായി. രാവിലത്തെ ദൃഢപ്രതിജ്ഞ ഓർമ്മയിലുണ്ട്. 'അരുത്' എന്ന വിലക്കുകൾ ബലഹീനമാകയാണ്. പതിയെ പതിയെ ബാറിനടുത്തേക്കു നീങ്ങുന്നു. സർവ്വ നിയന്ത്രണങ്ങളും നഷ്ടപ്പെട്ട് നിരുപാധികം തോൽവിയടഞ്ഞ ഞാൻ അകത്തു കടന്നു പതിവ് സീറ്റിൽ ഇരിപ്പായി. സ്ഥിരം കസ്റ്റമറായതിനാൽ സപ്ലയർ ഇഷ്ട വിഭവങ്ങൾ മുമ്പിൽ നിരത്തുന്നു. പതിവായി തോറ്റു ശീലിച്ച ജാള്യത മറച്ചുകൊണ്ട് മടക്കയാത്ര വീട്ടിലേക്ക്. വലിയ കുഴപ്പമില്ലാതെ നടന്നു, വേച്ചുവേച്ചു ഓട്ടോ സ്റാൻഡിലെത്തുന്നു. സ്ഥിരം ഓട്ടോക്കാരന്റെ സഹായത്തോടെ വണ്ടിക്കുള്ളിലേക്ക് ഒരു തരത്തിൽ കടക്കും. വീട്ടുപടിക്കൽ യാത്ര അവസാനിപ്പിച്ചു വളരെ പ്രയാസപ്പെട്ടു പുറത്തിറങ്ങുന്ന തനിക്ക് കാലുകൾ ഉറയ്ക്കുന്നില്ല.

രണ്ടു കാലിൽ മാന്യമായ വേഷം ധരിച്ച് പുറത്തിറങ്ങിയ ആ മനുഷ്യൻ ഇപ്പോൾ സുബോധം നഷ്ടപ്പെട്ട് നാലുകാലിൽ ഉള്ളിലേക്ക് കടക്കുന്നു. നിർവികാ

രതയോടെ നോക്കി നിൽക്കുന്ന ഭാര്യ. അവളുടെ വേദന ആരറിയാൻ? എറിഞ്ഞുടച്ച പാത്രങ്ങൾക്കു എണ്ണവും കണക്കുമില്ല. കണ്ണീരും കയ്യുമായി കുടുംബാംഗങ്ങൾ. അതിവിടെ പതിവാണെന്ന് അടക്കം പറയുന്ന അയൽക്കാർ. ആഗ്രഹിച്ചതിനു വിപരീതമായി നരകം പോലെ വീട്. പിന്നെ ബോധരഹിതനായി കട്ടിലിലേക്ക്. രാവിലെ വീണ്ടും പുതുക്കിയ പഴയ തീരുമാനവുമായി തുടക്കം. ഇതിങ്ങനെ തുടരുന്നു. 'എനിക്ക് രക്ഷപ്പെടണം, എന്താണ് ഒരു വഴി? ഒന്ന് സഹായിക്കാമോ?' വേദനയോടെ ഞാനും ആ കണ്ണുകളിലേക്കു നോക്കി.

തുടർന്നു ഞാൻ പറഞ്ഞു: 'താങ്കൾ മനസ്സ് വച്ചാൽ ദൈവം സഹായിക്കും. രോഗികളെയും ഭൂതഗ്രസ്തരെയും സൗഖ്യമാക്കിയ യേശുവിലൂടെ താങ്കൾക്കും രക്ഷ പ്രാപിക്കാം. മദ്യപാനാസക്തിയിൽ നിന്ന് മാത്രമല്ല നിത്യനരകത്തിൽ നിന്നും എന്നന്നേക്കുമായി വിടുതൽ പ്രാപിക്കാം'. അദ്ദേഹത്തിന് ആഗ്രഹമുണ്ട്. 'ഞാൻ അങ്ങനെ തീരുമാനിക്കുന്നു' എന്ന മറുപടി കേട്ടപ്പോൾ ആ മനുഷ്യനേയും തന്റെ കുടുംബത്തെയും രക്ഷിക്കണമെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചു. പക്ഷെ വാക്ക് പാലിക്കുവാൻ അയാൾക്ക് കഴിഞ്ഞില്ല. പതിവ് പോലെ അഞ്ചുമണിക്ക് തോൽവിയുടെ അഗാധതയിലേക്കു നീങ്ങിക്കൊണ്ടേയിരുന്നു. പലതവണ വീണ്ടും കണ്ടു, സംസാരിച്ചു. എങ്കിലും ഫലം നാസ്തി. അന്തരാവയവങ്ങൾക്കു രോഗം ബാധിച്ച് ഒടുവിൽ അയാൾക്ക് ലഭിച്ച അവസരം പാഴാക്കിക്കൊണ്ട് മരണത്തിനു കീഴടങ്ങി. വേദനയോടെ ചേതനയറ്റ മൃതശരീരം ഞാനും പോയി ക്കണ്ടു.

ചില വർഷങ്ങൾക്കു മുമ്പ് മദ്യമായിരുന്നു വില്ലൻ എങ്കിൽ, ഇന്ന് രാസലഹരിപദാർത്ഥങ്ങൾ ധാരാളം ലഭ്യമാണ്. അത്യാർത്തി പൂണ്ട മനുഷ്യർ ലാഭക്കൊതിയോടെ സ്കൂൾ കുട്ടികളെപ്പോലും വഞ്ചനയിൽപ്പെടുത്തി എത്രയോ കുടുംബങ്ങളെയാണ് തീരാദുരിതത്തിലാക്കുന്നത്. ഒറ്റപ്രാവശ്യം ഉപയോഗിച്ചാൽ അഡിക്റ്റാകുന്ന തരം 'എം ഡി എം എ' പോലുള്ള മാരകവസ്തുക്കൾ ഇന്ന് സമൂഹത്തിൽ വിതയ്ക്കുന്ന നാശം വാക്കുകൾക്കതീതമാണ്.

സ്ക്രീൻ അഡിക്ഷൻ എന്ന മറ്റൊരു ഭീകരൻ ചില വർഷങ്ങളായി പ്രായഭേദമെന്യേ അനേകരെ കുടുക്കിലകപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അദൃശ്യ ചങ്ങലയാൽ ബന്ധിക്കപ്പെട്ടവരെന്ന പോലെ മുറിക്കുള്ളിൽ കടന്നു വാതിലടച്ചുപൂട്ടി മറ്റാരോടും യാതൊരും സമ്പർക്കവും ഇല്ലാത്തവിധം വിവിധതരം വശീകരണ ദൃശ്യങ്ങൾ ആസ്വദിക്കുന്നു. ഇല്ലാത്ത മോഹങ്ങൾ ഉള്ളിൽ മുളപ്പിച്ച് ഹൃദയത്തെ അശുദ്ധമാക്കുക എന്ന സാത്താന്യ ലക്ഷ്യമാണ് ഈ തന്ത്രത്തിലൂടെ, അറിയാതെ തന്നെ അവരെ കീഴ്പ്പെടുത്തുന്നത്. ഒട്ടും ആഗ്രഹിക്കാത്ത പാപങ്ങളിൽ അകപ്പെടുത്തി അവസാനം സുബോധം നഷ്ടപ്പെട്ട് കുടുംബാംഗങ്ങളെപ്പോലും തിരിച്ചറിയാൻ കഴിയാത്ത ക്രൂരത നിറഞ്ഞ മാനസികാവസ്ഥയിൽ എത്തിക്കുന്നു ഈ ആസക്തി.

'ഒരു വഴി മനുഷ്യന് ചൊവ്വായി തോന്നുന്നു, എങ്കിലും അതിന്റെ അവസാനമോ മരണവഴികളത്രെ എന്ന് സദൃശ്യവാക്യത്തിൽ പറഞ്ഞിരിക്കുന്ന വചനം, കൃത്യമായ ഒരു പ്രവചനം എന്നപോലെ ഇന്നും അനുഭവപ്പെടുകയല്ലേ? യാത്രയിൽ ഒരേ സീറ്റിലിരിക്കുന്നവർ പരസ്പരം ഒന്ന് പരിചയപ്പെടുക പോലും ചെയ്യാതെ അപരിചിതരെപ്പോലെ തുടരുന്നു. മൊബൈലിൽ മുഴുകി ലയിച്ചിരിക്കുന്നതിനാലല്ലേ ഇങ്ങനെ സംഭവിക്കുന്നത്? വഴിയേ നടന്നു പോകുന്നവർ പോലും എതിരെ വരുന്ന വാഹനങ്ങളെയോ കാൽനടയാത്രക്കാരെയോ ശ്രദ്ധിക്കാതെ കടന്നു പോകുന്നു. തലനാരിഴയ്ക്കാകും ചില അപകടങ്ങൾ പോലും വഴി മാറുന്നത്.

മാതാപിതാക്കളും മക്കളും എല്ലാവരും ഭവനത്തിലുള്ളപ്പോൾത്തന്നെ പലരും സ്ക്രീൻ അഡിക്ഷൻ മൂലം ഏകാന്തതയുടെ തടവറയിൽ തടവുകാരായിക്കഴിയുന്നു. ഇക്കാലത്ത് അടുത്ത ബന്ധുക്കൾ സന്ദർശിക്കുന്നത് തന്നെ വളരെ വിരളമാണ്. ആ വേളയിൽപ്പോലും ആഗതരെ സ്വീകരിക്കുവാനോ പരിചയപ്പെടുവാനോ ആസക്തി മൂലം മിക്കപ്പോഴും കുട്ടികൾക്കു സാധിക്കാറില്ല. ദൈവത്തോടും സഹവിശ്വാസികളോടും കൂട്ടായ്മ പുലർത്തുവാനുള്ള വിലയേറിയ അവസരങ്ങളാണ് ദൈവമക്കൾക്കു നഷ്ടപ്പെടുന്നത്. ഇത് വളരെ ഭീകരമല്ലേ?

ഈ പശ്ചാത്തലത്തിൽ, യേശുകർത്താവ് പറഞ്ഞ 'നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ' എന്ന വാക്കുകളുടെ പ്രസക്തി വളരെ വലുതാണ്. നാം ഉൾപ്പെടുന്ന നമ്മുടെ തലമുറയെയും വരും തലമുറകളെയും ഓർത്തു ഹൃദയവേദനയോടെ, കണ്ണുനീരോടെ, പ്രാർത്ഥിക്കുവാൻ തയ്യാറാകണം. വേറെ ഒരു വഴിയും നമുക്ക് മുമ്പിലില്ല. •



ജോൺസൺ കടമ്പനാട്

# ആത്മനിറവും അടിമനുകവും

പരിശുദ്ധാത്മാവിൽ നിറയപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പലരും ബോധവാന്മാരല്ല. പാപത്തിന്റെ അടിമനുകത്തിൽ നിന്നും സ്വാതന്ത്ര്യം നൽകുന്ന പരിശുദ്ധാത്മാവിൽ നാം നിറയപ്പെട്ടു കൊണ്ടേയിരിക്കണം. എത്ര ശ്രമിച്ചാലും ഒരിക്കലും ആർക്കും നിറഞ്ഞ പാത്രത്തിൽ ഒന്നും നിറയ്ക്കുവാൻ ആവില്ല, ആവശ്യവുമില്ല. അതായത് എനിക്ക് നിറവുണ്ട് എന്ന് ചിന്തിക്കുന്നവരെ ദൈവത്തിന് നിറയ്ക്കുവാൻ കഴിയുകയില്ല. പരിശുദ്ധാത്മനിറവുള്ളവർക്കു മാത്രമേ ശരീരത്തെയും ആത്മാവിനെയും മലിനമാക്കുന്ന എല്ലാറ്റിൽനിന്നും അവരവരെത്തന്നെ ശുദ്ധീകരിച്ചുകൊണ്ട്, ദൈവഭക്തിയിലൂടെ വിശുദ്ധിയുടെ പരിപൂർണ്ണതയിലേക്കും ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തിലേക്കും വളർന്ന് ക്രിസ്താനുരൂപരാകുവാൻ കഴിയുകയുള്ളൂ.

യേശു തന്റെ ശിഷ്യന്മാരോട് നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ എന്നു പറഞ്ഞു. പിതാവായ ദൈവം വാഗ്ദത്തം ചെയ്ത ഉയരത്തിൽ നിന്നുള്ള ശക്തിയും വ്യക്തിയുമാണ് പരിശുദ്ധാത്മാവ്. ഈ ശക്തിയാണ് നമ്മുടെ മൺകൂടാരങ്ങളിൽ ദൈവം പകർന്നിരിക്കുന്നത് എന്ന് നാം തിരിച്ചറിയണം. അത് നിമിത്തം നാം ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനപൂർത്തിയിലേക്ക് നയിക്കപ്പെടും.

ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാന പൂർത്തിയിലേക്ക് നാം നയിക്കപ്പെടേണമെങ്കിൽ പരിശുദ്ധാത്മാവിൽ നിരന്തരം നിറയപ്പെട്ടുകൊണ്ടിരിക്കണം. യേശു നമുക്കുവേണ്ടി മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. ആ നാളുകളിൽ ശിഷ്യന്മാരോട് യേശു പറഞ്ഞിരുന്നത്. 'ഞാൻ പിതാവിനോട് അപേക്ഷിക്കുകയും നിങ്ങളോടുകൂടെ എന്നേക്കും ഇരിക്കേണ്ടതിന് അവിടുന്ന് നിങ്ങൾക്കു സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ നൽകുകയും ചെയ്യും. ലൗകികർക്ക് ഈ ആത്മാവിനെ, സത്യത്തിന്റെ ആത്മാവിനെത്തന്നെ, സ്വീകരിക്കാൻ കഴിയുകയില്ല. ലോകം ഈ ആത്മാവിനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ നിങ്ങൾ സത്യത്തിന്റെ ആത്മാവിനെ അറിയുന്നു. കാരണം അവിടുന്നു നിങ്ങളോടുകൂടെ ഇരിക്കുന്നു; നിങ്ങളിൽ വസിക്കുകയും ചെയ്യും. ഞാൻ നിങ്ങളെ അനാഥരായി ഉപേക്ഷിക്കുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽവരും'(യോഹന്നാൻ 14:15 - 18) എന്നായിരുന്നു.

വ്യക്തിപരമായ ജീവിതത്തിൽ പാപത്തിൽ വീഴാതെ ഉറപ്പുള്ള പാറയായ ക്രിസ്തുവിൽ നിർത്തുവാനും, ആത്മീയശുശ്രൂഷയിൽ പങ്കാളിയാക്കുവാനും, ദൈവിക വെളിപ്പാടുകൾ പ്രാപിച്ച് സഭയെ ഉപദേശിക്കുവാനും പരിപാലിക്കുവാനും, അങ്ങനെ ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ആത്മീക വളർച്ചയ്ക്ക് പരിശുദ്ധാത്മാവ് തുണ നിന്നുകൊണ്ട് നമ്മെ സഹായിക്കുന്നു. അതായത് സജീവമായതും ജീവനുള്ളതുമായ ആത്മീയ അനുഗ്രഹങ്ങൾ ലഭിക്കുന്നത് പരിശുദ്ധാത്മാവിനാൽ മാത്രമാണ്. നമ്മിൽ

എന്നേക്കും വസിക്കുവാൻ ആഗ്രഹിക്കുന്ന പരിശുദ്ധാത്മാവിനെ കൂടാതെ ഫലകരവും നിലനിൽക്കുന്നതും ജയകരവുമായ ക്രിസ്തീയ ജീവിതം ആർക്കും സാധ്യമല്ല.

സമൃദ്ധമായ ജീവനുള്ള ആത്മീയ അനുഭവങ്ങൾ നമുക്കുണ്ടാകണം. നമ്മിലേക്കും നമ്മിലൂടെയും പരിശുദ്ധാത്മാവാകുന്ന ജീവജല നദി ഒഴുകി അത് ഒരു പ്രവാഹമായി ക്രിസ്തുവിന്റെ ശരീരമായ സഭയിലേക്ക് ഒഴുകിക്കൊണ്ടിരിക്കണം. 'ഉത്സവത്തിന്റെ പ്രധാനദിനമായ ഒടുവിലത്തെ ദിവസം യേശു നിന്നുകൊണ്ട് വിളിച്ചുപറഞ്ഞത്: ദാഹിക്കുന്ന ഏതൊരാളും എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവരുടെ ഉള്ളിൽനിന്ന്, തിരുവെഴുത്തു പറയുന്നതുപോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും'. എന്നായിരുന്നുവല്ലോ. തന്നിൽ വിശ്വസിക്കുന്നവർക്കുപിന്നീടു ലഭിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ് യേശു ഇവിടെ സംസാരിച്ചത്. പരിശുദ്ധാത്മാവിൽ നിരന്തരം നിറയപ്പെടുന്നതിനെക്കുറിച്ചു നാം എത്രമാത്രം ശ്രദ്ധയുള്ളവരാകുന്നു?

പരിശുദ്ധാത്മാവിനോടുള്ള കൂട്ടായ്മ നമ്മുടെ ജീവിതത്തിൽ അനിവാര്യമാണ്. ക്രിസ്തുവിൽ വസിച്ചു കൊണ്ടല്ലാതെ നമുക്ക് പരിശുദ്ധാത്മാവിനോട് കൂട്ടായ്മ സാധ്യമല്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പരിശുദ്ധാത്മാവിനോടുള്ള കൂട്ടായ്മ നിമിത്തം ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാടുകളുടെ പ്രകാശനം അധികമായി ലഭിക്കുന്നു. കൂട്ടായ്മ എന്നത് വെറും പാട്ടും പ്രാർത്ഥനയും മാത്രമല്ല. മറിച്ച് സഹവസിക്കുക എന്ന അർത്ഥമാണ്. പരിശുദ്ധാത്മാവിനോട് കൂട്ടായ്മ ഉണ്ടെങ്കിൽ ദൈവമക്കൾ തമ്മിൽത്തമ്മിലും കൂട്ടായ്മയുണ്ട്. അതായത് വിശുദ്ധന്മാർ തമ്മിൽ തമ്മിൽ സംസർഗ്ഗം ഉണ്ടാകും, ആത്മീയ കൂട്ടായ്മ വർദ്ധിക്കും. ആരോഗ്യമുള്ള ക്രിസ്തീയ ജീവിതത്തിന് ഇത് കൂടിയേ തീരൂ. നമ്മുടെ ആത്മാവും പരിശുദ്ധാത്മാവും ഒന്നായിത്തീരുന്ന അവിസ്മരണീയമായ അനുഭവം ഉണ്ടാകണം എന്ന് നാം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ഉത്സാഹിക്കുകയും ചെയ്യണം. ക്രിസ്തുവിലൂടെ നമ്മിൽ പകരുന്ന പരിശുദ്ധാത്മനിറവിലുള്ള ജീവിതം നയിക്കുന്നതിലൂടെ മാത്രമേ പാപത്തെ ജയിച്ചു ജയജീവിതം പ്രാപിക്കുവാൻ കഴിയുകയുള്ളൂ. സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയപ്പോൾ വീണ്ടും അതിൽ കുടുങ്ങി പോകാതിരിക്കേണ്ടതിന്, എന്നേക്കും ക്രിസ്തുവിശ്വാസികളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ വാഗ്ദത്തം ചെയ്തിട്ടുള്ളത് എത്രയോ ആശ്വാസകരമായ വചനമാണ്. അതിനാൽ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ നാം ഒരിക്കലും ദു:ഖിപ്പിക്കുവാൻ പാടുള്ളതല്ല.

ഭാവിയിൽ ക്രിസ്തു തന്റെ മഹത്വത്തോടെ മദ്ധ്യാകാശത്തിൽ പ്രത്യക്ഷപ്പെടും. അന്ന് കോടാനുകോടി ദൂതന്മാർ മഹത്വവാനായ യേശുവിനെ അനുഗമിക്കും. ദൂതന്മാർ കാഹളനാദം ഉതിർക്കും. മേഘാരൂഢനായി വരുന്ന യേശുവിന്റെ പ്രത്യക്ഷത ഈ ലോകത്തിന്റെ ഗതിയെ മാറ്റിമറിക്കും. മരിച്ചവരും ജീവനോടിരിക്കുന്നവരുമായ വിശുദ്ധന്മാരായ തന്റെ വൃതന്മാർ മേഘങ്ങളിൽ എടുക്കപ്പെടും. അവർ അവരുടെ രക്ഷകനും പ്രാണപ്രിയനുമായ ക്രിസ്തുവിനെ മുഖാമുഖം കാണും. ഈ സംഭവത്തിന്റെ നാളുകൾ ആസന്നമായി എന്ന് നാം തിരിച്ചറിയണം.

ക്രിസ്തുവിൽ ഈ പ്രത്യാശ ഉള്ളവരെല്ലാം കണ്ണിമയ്ക്കുന്നതിനിടയിൽ രൂപാന്തരപ്പെട്ട് മേഘങ്ങളിൽ എടുക്കപ്പെടും. ഈ മർമ്മം വെളിപ്പെട്ടു കിട്ടുവാൻ വേണ്ടിയാണ് യേശു നമ്മെ അടിമനുകത്തിൽ നിന്നും വിടുവിച്ചത്.

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, ലോകമോഹങ്ങളിൽ നിന്നും പിശാചിന്റെ കുടുക്കുകളിൽ നിന്നും പാപത്തിന്റെ ശക്തിയിൽ നിന്നും നാം അനുനിമിഷവും സ്വതന്ത്രരായിക്കൊണ്ടിരിക്കണം. അടിമനുകത്തിൽ വീണ്ടും കുടുങ്ങി പോകുവാൻ പാടുള്ളതല്ല. ഇങ്ങനെ സ്വതന്ത്രരാകുന്നവർ ക്രിസ്താനുരൂപരായി മാറിക്കൊണ്ടിരിക്കും. ഭൂമിയിലെ ജീവിതം നിത്യതതയിൽ ജീവിക്കുവാനുള്ള ഒരു പരിശീലനക്കളരിയാണെന്ന് അവർ തിരിച്ചറിഞ്ഞവരാണ്. പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച ആത്മീയമനുഷ്യന് വീണ്ടും പാപത്തിൽ തുടരുവാൻ ഒരിക്കലും സാധ്യമല്ല.

ദൈവത്തെ ആസ്വദിച്ച് ക്രിസ്തുവിന്റെ ജീവനാൽ നിരന്തരം നിറയപ്പെട്ടു കൊണ്ടേയിരിക്കുന്ന ആത്മീയ അനുഭവം എല്ലാവർക്കും ഉണ്ടാകണമെന്നത് ദൈവഹിതമാകുന്നു. അടിമനുകത്തിൽക്കുടുങ്ങിപ്പോകാതിരിക്കുവാൻ ആത്മാവിൽ നാം നിരന്തരം നിറയപ്പെടേണ്ടത് അനിവാര്യം തന്നെയാകുന്നു. ആത്മാവിനാൽ ജഡത്തിന്റെ പ്രവൃത്തികളെ നിഷ്ക്രിയമാക്കികൊണ്ടു ദൈവാനുരൂപമായി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന ക്രിസ്തുവിൽ ജയാളികളായി ജീവിക്കുവാൻ നമ്മെ സമർപ്പിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ •



ചാൾസ് സ്പർജൻ

# ദരിദ്രരെ സ്നേഹിക്കുന്നില്ലെങ്കിൽ...

**ദാ**രിദ്ര്യം ഒരു ശാപമല്ല. സമ്പത്ത് അനുഗ്രഹത്തിന്റെ ലക്ഷണവുമല്ല. ദൈവ ജനത്തിലധിക പങ്കും ധനാഢ്യരും അല്ല. അവരിൽ കുറച്ചുപേർ മാത്രമേ സമ്പന്ന രായിട്ടുള്ളു. കുറച്ചുപേർ മാത്രമേ നല്ല വാഹനങ്ങളിൽ സഞ്ചരിക്കുന്നുള്ളൂ, വ ലിയൊരു വിഭാഗം ദരിദ്രരും ദുരിതമനുഭവിക്കുന്നവരുമാണ്. അവർ ദൈവത്തിന്റെ ദൈനംദിന കരുതലുകളിൽ ഭക്ഷണം മുതൽ വസ്ത്രം വരെ നിറവേറ്റിക്കിട്ടുവാൻ ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുന്നു. ദൈവം തന്റെ പൂർണ്ണതയുടെ സമ്പ ത്തിൽ നിന്ന് തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുമെന്ന് അവർ വിശ്വസിക്കുന്നു. ദരിദ്രരായ ഒരു ജനതയുണ്ടെന്ന വസ്തുത മനസ്സിലാക്കി നാം ദരിദ്രരെ ഓർക്കണം.

ദൈവത്തിന് ദരിദ്രരെ സമ്പന്നരാക്കാൻ കഴിയും. ഇസ്രായേലിന്റെ പാളയത്തിന് ചുറ്റും കാടകളെ കൂമ്പാരമായി നൽകിയതുപോലെ... ധനികരുടെ സുഭിക്ഷം ദരി ദ്രരുടെ ദുർഭിക്ഷത്തിനു ഉതകുമാറാക്കുവാൻ ദൈവത്തിനു കഴിയും. കാരണം എ ല്ലാ മനുഷ്യരുടെയും ഹൃദയങ്ങൾ തന്റെ നിയന്ത്രണത്തിലാണ്. പക്ഷേ ദൈവം അങ്ങനെ ചെയ്യുന്നതിനു പകരം മനുഷ്യന്റെ സ്വതന്ത്രചിത്തം ഉപയോഗിക്കുവാൻ അനുവദിക്കുന്നു. ചിലരെ ദാരിദ്ര്യത്തിൽ ജീവിക്കാൻ അനുവദിക്കുന്നു. ഇതെന്തുകൊണ്ട്? ഉത്തരം നൽകാൻ എളുപ്പമല്ല.

ദൈവം നൽകുന്ന എല്ലാ സുഖസൗകര്യങ്ങൾക്കും എത്രമാത്രം നന്ദിയുള്ളവ രായിരിക്കണമെന്ന് നമ്മെ പഠിപ്പിക്കുക എന്നതായിരിക്കാം ഒരു കാരണം. കരള ലിയിപ്പിച്ച ഒരു കാഴ്ച കണ്ടതിനു ശേഷമായിരുന്നു ഭക്ഷണം എത്ര വിലയേറിയ താണെന്നു ഞങ്ങൾ തിരിച്ചറിഞ്ഞത്. ഒരാൾ അപ്പത്തിനായി യാചിക്കുന്നു. അത്യാ വശ്യത്തിനു പോലും അപ്പം ലഭിക്കാത്തവർ നമുക്ക് ചുറ്റിലും ഉണ്ടെന്നറിഞ്ഞപ്പോൾ അത് ജീവിതത്തിൽ ഒരു വഴിത്തിരിവിന് കാരണമായി. അതെ, ദൈവത്തിന്റെ സമൃ ദ്ധമായ എല്ലാ വിഭവങ്ങളും നാം നന്ദിയോടെ അനുഭവിക്കേണ്ടതാണ്. എന്നാൽ നാം പ്രാപിക്കുന്ന ഓരോ ദാനങ്ങൾക്കും നന്ദിയുള്ളവരായിരിക്കുന്നതോടൊപ്പം ആ വശ്യങ്ങൾക്കായി വലയുന്നവരെ പ്രാപ്തി പോലെയും പ്രാപ്തിക്കു മീതെയും സഹായിക്കുവാൻ ഓരോരുത്തരും കടപ്പെട്ടവരാണ്.

എല്ലാ വിശുദ്ധന്മാരും ഈ ലോകത്ത് സമ്പന്നരായിരുന്നെങ്കിൽ സുവിശേഷത്തി ന്റെ മൂല്യം നമുക്ക് ഇത്രയധികം മനസ്സിലാകുമായിരുന്നില്ല. തല ചായ്ക്കാൻ ഇട മില്ലെങ്കിലും ഇപ്പോഴും ഞാൻ കർത്താവിൽ ആശ്രയിക്കും എന്ന് പറയാൻ കഴി യുന്ന ചിലരെ നാം കണ്ടെത്തുമ്പോൾ...

അന്നന്നേക്കുള്ള അപ്പവും വെള്ളവും മാത്രമുള്ള ചിലർ ഇപ്പോഴും യേശുവിൽ സന്തോഷിക്കുന്നതായി കാണുമ്പോൾ... അത് സുവിശേഷത്തിന്റെ എത്ര വലിയ മഹത്വമാണ് പ്രതിഫലിപ്പിക്കുന്നത്!

നാളേക്കുള്ള എന്റെ ദൈനംദിന ഭക്ഷണത്തിന്റെ കാര്യത്തിൽ എനിക്ക് ദൈവത്തിൽ വിശ്വാസമുണ്ട് എന്ന് ധനികൻ പറയുന്നുവെങ്കിൽ അതിൽ പ്രസക്തിയില്ല. കാരണം അവരുടെ വീട്ടിൽ അപ്പം വാങ്ങാൻ ധാരാളം പണമുണ്ട്. എന്നാൽ ഒരു ദരിദ്രനായവൻ എഴുന്നേറ്റ് 'അത്തിവൃക്ഷം തളിർക്കുകയില്ല, മുന്തിരിവള്ളിയിൽ ഫലമുണ്ടാകുകയില്ല, ഒലിവുമരം ഫലം കായ്ക്കുകയില്ല, നിലങ്ങൾ ധാന്യം നൽകുകയുമില്ല, തൊഴുത്തിൽ ആടുകൾ ഉണ്ടാകുകയില്ല, ഗോശാലയിൽ കന്നുകാലികൾ ഇല്ലാതിരിക്കും, ഇങ്ങനെയൊക്കെ ആണെങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും, എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ ആഹ്ലാദിക്കും' എന്ന് ഹബക്കൂക്കിനെപ്പോലെ പറയുമ്പോൾ, അത് യഥാർത്ഥ ദൈവാശ്രയത്തെ കാണിക്കുന്നു. ദാരിദ്ര്യത്തിൽ അവർ ഇപ്പോഴും പരാതിയില്ലാത്തവരും പിറുപിറുക്കാത്തവരുമാണെന്ന് സ്വജീവിതം കൊണ്ട് തെളിയിക്കുന്നു.

ഒരു എൻജിനീയർ പറയുന്നു: 'ഈ കെട്ടിടം ശക്തമാണ്. 'പക്ഷേ അത് പരീക്ഷിക്കപ്പെടണം! കെട്ടിടം ഉറച്ചതാണോ എന്നറിയുവാൻ കാറ്റ് അതിനെതിരെ വീശട്ടെ. അപ്പോൾ അത് നിലനിൽക്കുമോ എന്ന് സ്പഷ്ടമാകും'. വിശ്വാസകാര്യങ്ങളിലും അങ്ങനെതന്നെ. പല അവസരങ്ങളിലും കൊടുങ്കാറ്റു പോലുള്ള അനുഭവങ്ങളില്ലെങ്കിൽ വിശ്വാസ കപ്പൽ ഉറച്ചതും ശക്തവുമാണെന്ന് മനസ്സിലാക്കുവാൻ കഴിയില്ല. ബുദ്ധിമുട്ടുകളുടെ നടുവിൽ സ്ഥിരമാനസരായി നിലനിൽക്കുന്നവരാണ് ദൈവത്തിനു ഏറ്റവും പ്രിയരായിരിക്കുന്നവർ. എല്ലാവരും അവരെ അവഗണിക്കുമ്പോഴും അവരുടെ നിലപാട് അചഞ്ചലമാണ്. വിശ്വാസത്തിലുള്ള ഈ ഉറപ്പ് ദൈവനാമത്തിനു മഹത്വമാകുന്നു. ദൈവം തന്റെ ജനത്തെ ബുദ്ധിമുട്ടുകൾ സഹിക്കുവാൻ അനുവദിക്കുന്നത് തന്റെ കൃപയുടെ ശക്തി വെളിപ്പെടുത്തുവാനാണ്.

ദരിദ്രരായി തുടരുവാൻ ചിലരെ ദൈവം അനുവദിക്കുന്നത് പിശാചിന്റെ അവകാശവാദങ്ങളെ തകർക്കുവാനാണ്. പിശാച് ഇയ്യോബിനെക്കാളധികമായി മറ്റാരെയും വേദനിപ്പിച്ചിട്ടില്ലെന്നു ഞാൻ കരുതുന്നു. ഇയ്യോബ് സമ്പന്നനായിരുന്നത് സാത്താനിൽ വളരെയധികം അസ്വസ്ഥത ഉളവാക്കി. സമ്പത്തുണ്ടായിരുന്നപ്പോഴാണ് സാത്താൻ അവനെതിരെ ഏറ്റവും കൂടുതൽ ദുരാരോപണം ഉന്നയിച്ചത്. അവന്റെ എല്ലാ പരീക്ഷണങ്ങൾക്കും ശേഷം അവൻ ദൈവത്തെ ശപിച്ച് മരിക്കും എന്നായിരുന്നു സാത്താന്റെ കണക്കുകൂട്ടൽ. എന്നാൽ ദൈവം പറയുന്നു: സമ്പത്തു നഷ്ടപ്പെടുത്തി ഇയ്യോബിനെ പരീക്ഷിക്കാൻ ഞാൻ നിനക്ക് അനുവാദം നൽകുന്നു. ഞാൻ അവന് കുടിക്കാൻ കഷ്ടതയുടെ വെള്ളവും തിന്മാൻ കയ്പ്പിന്റെ അപ്പവും നൽകും. അവൻ അത്യന്തം പരീക്ഷിക്കപ്പെടും. സാത്താനേ, അവനെ കൊണ്ടുപോകൂ, തീയിലും വെള്ളത്തിലും അവനെ വലിച്ചിഴച്ച് നിങ്ങൾക്ക് അവനോട് എന്തുചെയ്യാനാകുമെന്ന് നോക്കൂ.

**ബുദ്ധിമുട്ടുകളുടെ നടുവിൽ സ്ഥിരമാനസ്സരായി നിലനിൽക്കുന്നവരാണ് ദൈവത്തിനു ഏറ്റവും പ്രിയരായിരിക്കുന്നവർ. എല്ലാവരും അവരെ അവഗണിക്കുമ്പോഴും അവരുടെ നിലപാട് അചഞ്ചലമാണ്. വിശ്വാസത്തിലുള്ള ഈ ഉറപ്പു ദൈവനാമത്തിനു മഹത്വമാകുന്നു.ദൈവം തന്റെ ജനത്തെ ബുദ്ധിമുട്ടുകൾ സഹിക്കുവാൻ അനുവദിക്കുന്നത് തന്റെ കൃപയുടെ ശക്തി വെളിപ്പെടുത്തുവാനാണ്.**

യേശു സമ്പന്നനായിരുന്നിട്ടും നമുക്ക് വേണ്ടി ദരിദ്രനായിതീർന്ന കൃപ എപ്പോഴും നാം ഓർമ്മിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദരിദ്രനായ ഓരോ വിശുദ്ധനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അസ്തിത്വത്തിന്റെ ഓർമ്മപ്പെടുത്തലായി കാണണം. തന്റെ ദാരിദ്ര്യത്തിന്റെ ആഴത്തെക്കുറിച്ച് ധ്യാനിക്കാൻ ദൈവം നമ്മോടു ആവശ്യപ്പെടുന്നു. ഇത് ദൈവികജ്ഞാനമാണ്.

ദരിദ്രർ എല്ലായ്പ്പോഴും നമ്മുടെ അരികെയുണ്ട് എന്ന് യേശുകർത്താവ് പറഞ്ഞിട്ടുണ്ട്. ക്രിസ്തുവിനോടുള്ള നമ്മുടെ സ്നേഹം പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ അതിലൂടെ നമുക്ക് ഒരുക്കിയിരിക്കുന്നു. നാം പാടുമ്പോഴും പ്രാർത്ഥിക്കുമ്പോഴും യേശുവിനോടുള്ള സ്നേഹം കാണി

ക്കുന്നു. നാമെല്ലാവരും അതിസമ്പന്നരല്ലെങ്കിൽ പ്പോലും എല്ലാ ദരിദ്രരായ വിശുദ്ധന്മാരെയും സഹായിക്കുവാൻ മനസ്സ് വയ്ക്കണം. ദരിദ്രനെ സഹായിക്കുക എന്നത് ഏറ്റവും ആരോഗ്യകരമായ കാര്യങ്ങളിൽ ഒന്നാണ്. ദരിദ്രരെ സന്ദർശിക്കുന്നതും നമ്മുടെ സമ്പത്ത് അവരുടെ ആവശ്യങ്ങൾക്ക് കഴിയുന്നത്ര വിതരണം ചെയ്യുന്നതും മനസ്സിന്റെ ആരോഗ്യകരമായ ഒരു വ്യായാമമാണ്. സമ്പത്തിൽ നിന്ന് ക്രിസ്തുവിന് നൽകാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ ദൈവത്തോടുള്ള നമ്മുടെ സ്നേഹം വെളിപ്പെടുത്തുവാനവസരം നൽകണമെന്ന് ദൈവത്തോട് അപേക്ഷിക്കേണ്ടിയാതായി വരും.

പ്രാർത്ഥനകളിൽ ദരിദ്രരെ ഓർക്കണം. ധനികർക്കുവേണ്ടി പ്രാർത്ഥിക്കാൻ ആരും ഓർമ്മിപ്പിക്കേണ്ടതില്ല. എങ്കിലും ദരിദ്രരെ ദൈവം അവരുടെ എല്ലാ കഷ്ടപ്പാടുകളിലും ആശ്വസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യട്ടെ, തന്റെ പൂർണ്ണതയുടെ സമ്പത്തിൽ നിന്ന് അവരുടെ ആവശ്യങ്ങൾ നിറവേറ്റട്ടെ എന്ന് പ്രാർത്ഥിക്കുക. നിങ്ങളുടെ പ്രാർത്ഥനയാൽ അവർക്കു ആശ്വാസവും ദൈവത്തിനു സ്തോത്രവും ഉണ്ടാകട്ടെ. നാം സമ്പന്നരെ സംഭാഷണത്തിൽ ഓർക്കുന്നു എന്നത് ശ്രദ്ധേയമാണ്. സഭയിൽ സമ്പന്നനായ ഒരു മനുഷ്യനെ കാണുന്നു. അദ്ദേഹത്തെ തിരിച്ചറിയുന്നതിൽ ഒരിക്കലും ബുദ്ധിമുട്ട് അനുഭവപ്പെടില്ല. എന്നാൽ ദരിദ്രരെ ഓർമ്മിക്കുന്നതിൽ പലരും വിമുഖരാണ്. ധനികരെ ഓർമ്മിക്കാൻ ഒരു കൽപ്പനയും ഇല്ല. പക്ഷേ ദരിദ്രരെ ഓർമ്മിക്കാൻ നമുക്ക് കൽപ്പനയുണ്ട്.

ദരിദ്രരെ ഓർക്കുക എന്നതിനർത്ഥം, അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു നാം ശ്രമിക്കണം എന്നാണ്. എനിക്ക് ആശ്വാസം നൽകാൻ കഴിയുന്നതിന്റെ പത്തിരട്ടി ദരിദ്രർ എല്ലാ ദിവസവും എന്റെ അടുക്കൽ വരുന്നു. കടക്കാരുടെ ഭീഷണികൾ സഹിക്കുന്ന ഒരു ദരിദ്രനോ, വാടക നൽകാൻ കഴിയാത്ത ഒരു ദരിദ്ര സ്ത്രീയോ അവരിലുണ്ടാകും. എനിക്ക് കഴിയുന്നപോലെയും അതിനു മീതെയും ഞാൻ ചെയ്തിട്ടുണ്ട്. അവരെ സമാധാനത്തോടെയും ആശ്വാസത്തോടെയും പറഞ്ഞയയ്ക്കാൻ ഞാൻ ബാധ്യസ്ഥനാണ്. ചിലർക്ക് സഹതാപം കാണിക്കുവാൻ മാത്രമേ അറിയൂ. സഹായിക്കാൻ അറിയില്ല. അത് വിചിത്രമായ സംഗതി തന്നെ! നമ്മുടെ ആവശ്യങ്ങൾ കഴിഞ്ഞ് അധികമുള്ളത് അവരുടെ ആവശ്യങ്ങൾക്കായി നൽകാം! ആഡംബരങ്ങൾ ഒഴിവാക്കി, ജീവിതനിലനിൽപ്പിനായി ആഗ്രഹിക്കുന്ന ദരിദ്രർക്ക് പങ്കിടാം. ഹൃദയം സന്തോഷപ്രദമാകണമെങ്കിൽ ദരിദ്രരെ സന്ദർശിക്കുക. അവരുടെ കുടിലുകളിൽ ചെല്ലുക. അവർ ഉറങ്ങുന്ന മുറികളും ഇരിക്കുന്ന കസേരകളും കാണുക. നിങ്ങളുടെ കൈകൾ അവർക്കായി തുറക്കുന്നില്ലെങ്കിൽ നിങ്ങളിൽ ക്രിസ്തു ഇല്ലെന്ന് ഞാൻ ഭയപ്പെടുന്നു. ഏറ്റവും ആവശ്യമുള്ള ഒരാളെ സഹായിക്കുന്നില്ലെങ്കിൽ ദൈവസ്നേഹം നിങ്ങളിൽ വസിക്കുന്നില്ലെന്നു ഞാൻ ഭയപ്പെടുന്നു.

**നാം ദൈവത്തിന്റെ കാര്യസ്ഥന്മാരാണ്. നാം ദൈവത്തെ വഞ്ചിക്കുമോ? ദരിദ്രർക്ക് വിതരണം ചെയ്യാൻ അവിടുന്ന് തന്റെ സമ്പത്ത് തന്നിരിക്കുന്നു. നാം ദരിദ്രർക്ക് നൽകുന്നില്ലെങ്കിൽ ക്രിസ്തുവിനെ സ്നേഹിക്കുന്നില്ലെന്ന് ഉറപ്പല്ലേ? ദരിദ്രരെ സ്നേഹിക്കുന്നില്ലെങ്കിൽ നാം യേശുവിന്റെ ശിഷ്യന്മാരാണെന്ന് എങ്ങനെ പറയാൻ കഴിയും?**

'ദരിദ്രരെ ഓർത്തുകൊള്ളേണമെന്നു' കർത്താവായ യേശു പറഞ്ഞ വാക്കുകൾ പൗലോസിനെ അപ്പോസ്തലന്മാർ ഓർമ്മിപ്പിച്ചത് ഇത് എത്രത്തോളം പ്രസക്തമാണെന്ന് വ്യക്തമാക്കുന്നു. നാം ദൈവത്തിന്റെ കാര്യസ്ഥന്മാരാണ്. നാം ദൈവത്തെ വഞ്ചിക്കുമോ? ദരിദ്രർക്ക് വിതരണം ചെയ്യാൻ അവിടുന്ന് തന്റെ സമ്പത്ത് ലഭ്യമാക്കിയിരിക്കുന്നു. നാം ദരിദ്രർക്ക് നൽകുന്നില്ലെങ്കിൽ ക്രിസ്തുവിനെ സ്നേഹിക്കുന്നില്ലെന്ന് ഉറപ്പല്ലേ? ദരിദ്രരെ സ്നേഹിക്കുന്നില്ലെങ്കിൽ നാം യേശുവിന്റെ ശിഷ്യന്മാരാണെന്ന് എങ്ങനെ പറയാൻ കഴിയും? 'പരസ്പരം സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയും'. ദരിദ്രരെ ഓർക്കുന്നതിന് ദൈവം ഏവരെയും സഹായിക്കട്ടെ. ●





സുജ വിനു

# സ്ത്രൈണ കരുതലിൽ പുറപ്പാടിലെ നായകൻ

**പു**തിയനിയമ വിശ്വാസസമൂഹത്തിന്റെ, നിത്യരാജ്യത്തേക്കുള്ള യാത്ര എന്ന പൊരുളിന്റെ നിഴലായിട്ടാണല്ലോ പഴയനിയമത്തിൽ ഇസ്രയേൽ ജനതയുടെ കനാൻയാത്ര ചിത്രീകരിച്ചിരിക്കുന്നത്. ഈ യാത്രയുടെ നായകനായി വിളിക്കപ്പെടുന്ന മോശെയുടെയും മോശെ നടത്തുന്ന ഐതിഹാസിക യാത്രയുടെയും ചരിത്രം രേഖപ്പെടുത്തിയിരിക്കുന്ന പുറപ്പാട് പുസ്തകത്തിൽ അധികമാരാലും ശ്രദ്ധിക്കപ്പെടാതെ അഥവാ പറയാതെ പറയുന്ന വേറൊരു സമാന്തര ചരിത്രമുണ്ട്. മോശെ നേതൃനിരയിലേക്ക് ഉയരുന്നതിന്റെ പിന്നണിയിൽ, കാവലായി നിന്ന ഏഴ് വനിതകളുടെ കഥയാണ് അത്. യേശുവിന്റെ പരസ്യ ജീവിതകാണ്ഡത്തിനു മുമ്പുള്ള ചരിത്രത്തിൽ താമാർ, രാഹാബ്, ബെത്ശേബാ, രൂത്ത്, മറിയ, എലിസബത്ത്, ഹന്ന പ്രവാചകി, എന്നിങ്ങനെ 7 സ്ത്രീകളുടെ ചിത്രീകരണം കുറച്ചുകൂടി പഠന വിധേയമായിട്ടുണ്ട്, സ്ത്രീപക്ഷ വചനപഠനങ്ങളിലെങ്കിൽ, മോശയുടെ പരസ്യജീവിത പരിസരങ്ങളിലെ വനിതാസാന്നിധ്യം പ്രാധാന്യം ലഭിക്കാത്ത ഒന്നാണ്, ഇപ്പോഴും.

ശിപ്രാ എന്നും പൂവാ എന്നും പേരുള്ള എബ്രായ സൂതികർമ്മിണികളാണ് പരോക്ഷമായിട്ടാണെങ്കിലും, മോശെയുടെ രക്ഷാകരദൗത്യത്തിലെ ആദ്യ പങ്കാളികൾ. പിറന്നുവീഴും മുമ്പേ ആൺകുഞ്ഞുങ്ങളെ എല്ലാം കൊന്നുകളയണം എന്ന രാജകല്പനയെ അബലകളായ ഈ സ്ത്രീകൾ നിരസിക്കുന്നു. രാജഭയത്തെ വെല്ലുന്ന അവരുടെ ദൈവഭയം, മോശെ പിറക്കും മുമ്പേ നഷ്ടപ്പെടാതിരിക്കാനുള്ള ഒരു കാരണമാണ് '...എബ്രായ സ്ത്രീകൾ മിസ്രയീമ്യ സ്ത്രീകളെ പോലെയല്ല, അവർ നല്ല തിറവുള്ളവർ, സൂതികർമ്മിണികൾ അവരുടെ അടുക്കൽ എത്തും മുമ്പേ അവർ പ്രസവിച്ചു കഴിയും'(പുറപ്പാട് 1: 19) എന്ന അവരുടെ പ്രസ്താവനയെ ഫറവോൻ പോലും ചോദ്യം ചെയ്യുന്നില്ല എന്നത് അതിശയകരമാണ്. അതിശക്തനായ ഫറവോന്റെ വായടയ്ക്കുന്നു, ഈ രണ്ട് ദുർബല സ്ത്രീകൾ! ആ സ്ത്രീകളോ ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്നു. ബുദ്ധിയുടെയോ ജീവിതാവസ്ഥയുടെയോ സാമൂഹിക കാഴ്ച്ചപ്പാടിലുള്ള 'ഉയർന്ന നിലവാരം' ദൈവദൃഷ്ടിയിൽ പ്രസക്തമല്ല എന്ന് തെളിയിക്കുന്നു ഈ സൂതികർമ്മിണികൾ ഭാഗഭാക്കാകുന്ന രക്ഷാകര ചരിത്രം.

'ലേവ്യ കുടുംബത്തിലെ ഒരു പുരുഷൻ പരിഗ്രഹിച്ച ലേവ്യകന്യക' എന്ന് അടയാളപ്പെടുത്തുന്നു മോശെയുടെ അമ്മയെ. യോഖേബെദ് ആണ് മോശെയ്ക്ക് ജന്മം നൽകിയ മഹത്വനിത (പുറപ്പാട് 6:20). മോശെയുടെ മുലകുടി പ്രായത്തിൽ അവനൊരു എബ്രായനാണെന്നും ജീവനുള്ള ദൈവം അവരുടെ ഉദ്ധാരണത്തിനു നിയോഗം നൽകിയിരിക്കുന്നത് മോശെയ്ക്കാണെന്നും പറഞ്ഞു പഠിപ്പിച്ചിരുന്നു എന്നു ന്യായമായി അനുമാനിക്കാം. ആ അമ്മയും, മകൾ അതായത് മോശെയുടെ സഹോദരിയുമാണ് മോശെയുടെ ജീവിതത്തിൽ പിന്നീട് കടന്നുവരുന്ന സ്ത്രീദ്വയം. 'അവൾ' ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. 'അവൾ' ഒരു ഞാങ്ങണ പെട്ടകം വാങ്ങി' എന്നിങ്ങനെ മോശെയുടെ ജനനത്തെയും രക്ഷാപ്രക്രിയയെയും കുറിച്ച് പറയുന്നിടത്തെല്ലാം

'അവൾ' എന്ന കഥാപാത്രത്തിനാണ് പ്രാധാന്യം. ഞാങ്ങണപ്പെട്ടകം നദിയരികിൽ വയ്ക്കുമ്പോഴും 'അവൾ' എന്ന ഒരു കഥാപാത്രം മാത്രമാണ് പരാമർശിക്കപ്പെടുന്നത്. 'സ്ത്രീയുടെ സന്തതി' എന്ന് പ്രവചനഭാഷയിൽ വിളിക്കപ്പെട്ട യേശുകർത്താവിന്റെ 'നിഴൽ ജീവിതം' മോശെയെയും 'സ്ത്രീയുടെ സന്തതി' എന്നതുപോലെ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം തിരഞ്ഞെടുക്കുമ്പോൾ, ദൈവം തന്നെ പിതാവ്. ഒറ്റിക്കൊടുക്കപ്പെട്ടാൽ, ജീവൻ പോലും അപകടത്തിലായേക്കാം എന്ന സാഹചര്യമാണെങ്കിലും രാജകൽപ്പനയെ ധിക്കരിക്കാനുള്ള അമ്മയുടെ തീരുമാനത്തിനൊപ്പം നിൽക്കുന്നു, മകൾ മിറിയാം.

'ദൂരത്തു നിന്ന് കുഞ്ഞിന് എന്ത് സംഭവിക്കും' എന്ന് നോക്കാൻ ഏൽപ്പിക്കപ്പെട്ടവളാണ് മിറിയാം. ബാലികാ പ്രായം കൈവിടാത്ത മിറിയാമിന് ദൈവം പകർന്നു നൽകുന്ന പക്വതയും ധൈര്യവും പ്രത്യേകം ശ്രദ്ധ ആകർഷിക്കുന്നു. 'പൈതലിനു മുല കൊടുക്കാൻ ഒരു എബ്രായസ്ത്രീയെ ഞാൻ ചെന്ന് കൊണ്ടുവരേണമോ' എന്ന്, തന്റെ സഹോദരനെ കൊല്ലാൻ ഉത്തരവിട്ട ഫറവോൻെറ മകളോടു തന്നെ ചോദിക്കാനുള്ള ധൈര്യം അവൾക്ക് നൽകപ്പെടുന്നു. തന്നെ ചുമതലപ്പെടുത്തിയപ്രകാരം സ്വന്തം അമ്മയെത്തന്നെ വിളിച്ചുകൊണ്ടു വരാനുള്ള മനസ്സാന്നിധ്യവും നൽകി, ദൈവം ആ ബാലികയ്ക്കും രക്ഷാകര പദ്ധതിയിൽ പങ്കാളിത്തം നൽകുന്നു. സൂതികർമ്മിണികൾക്കെന്നപോലെ ദൈവം തന്നെയാണ് ധൈര്യവും ജ്ഞാനവും പകർന്ന് ഈ സ്ത്രീകളിലൂടെ തന്റെ പദ്ധതികൾ നിറവേറ്റി എടുക്കുന്നത്.

ഫറവോൻെറ പുത്രിയും അവളുടെ ദാസിയും ആണ് അടുത്തതായി മോശെയെ രക്ഷിക്കാൻ ദൈവം ഉപയോഗിക്കുന്ന സ്ത്രീകൾ. 'അവൾ ഞാങ്ങണയുടെ ഇടയിൽ ഒരു പെട്ടകം കണ്ടു'. വീണ്ടും 'അവൾ' എന്ന കഥാപാത്രത്തിന് കർതൃത്വം നൽകപ്പെടുന്നു. പെട്ടകം എടുത്തു കൊണ്ടു വരാൻ നിയോഗിക്കപ്പെട്ട ദാസിയും 'രാജകല്പനയുടെ ഭവിഷ്യത്ത് ഓർമ്മിപ്പിച്ച്, തന്റെ യജമാനത്തിയെ' പിന്തിരിപ്പിക്കുന്നതായി കാണുന്നില്ല. പെൺകുട്ടികൾ തനിക്കൊരു വെല്ലുവിളിയാകില്ല എന്ന വിശ്വാസത്താൽ, ആൺകുട്ടികളെ മാത്രം കൊല്ലാൻ ഉത്തരവിട്ട അതേ ഫറവോൻെറ മകളിലൂടെത്തന്നെ ദൈവം രക്ഷ ഒരുക്കുന്നത് എത്ര ആശ്ചര്യകരമാണ്. പെൺകുട്ടികൾ തനിക്കു ഭീഷണിയാകില്ല എന്ന ഫറവോന്റെ മൗഢ്യം വെളിപ്പെടുത്തുവാൻ സ്ത്രീകളെത്തന്നെ മോശെയെ പരിപാലിക്കുന്നതിൽ ദൈവം നിയോഗിച്ചു എന്നത് വളരെ ശ്രദ്ധാർഹമാണ്. കൊല്ലുവാൻ ആജ്ഞാപിച്ച ഇടത്തുനിന്ന് മോശെയെ വളർത്താനുള്ള ചിലവും ഉത്തരവാദിത്വവും ഒരുക്കപ്പെടുന്നു. 'അവൻ അവൾക്ക് മകനായി' എന്ന് എഴുതിയിരിക്കുന്നതിലൂടെ, മോശെയുടെ മേലുള്ള ദൈവത്തിന്റെ കരുതൽ എത്ര വിലയേറിയതെന്ന് ദൈവം വെളിപ്പെടുത്തുന്നു. നസറേത്തിലെ കന്യകയുടെ അതേ ധീരതയെ, പഴയ നിയമത്തിൽ പ്രതീകവൽക്കരിക്കുന്നു.

ദൈവദൂതൻ മോശെയെ കൊല്ലാൻ ശ്രമിച്ചപ്പോൾ കൽക്കത്തി കൊണ്ട് പുത്രന്മാരുടെ അഗ്രചർമ്മം ഛേദിക്കുന്ന, മിദ്യാന്യസ്ത്രീയായ സിപ്പോറയാണ്, പുറപ്പാടിന് മുമ്പ് മോശയ്ക്ക് കരുതലായി തീരുന്ന ഏഴാമത്തെ സ്ത്രീ. ഇത്രനാൾ തന്റെ ഭർത്താവായിരുന്ന ഈ പരിച്ഛേദിതൻ, ദൈവത്തിനു വേണ്ടി വിളിച്ച് വേർതിരിക്കപ്പെട്ടവൻ എന്നു സിപ്പോറ മനസ്സിലാക്കിയിട്ടുണ്ടാവണം. തന്റെ മക്കളും അതിൽ ഭാഗഭാക്കാകേണ്ടതുണ്ടെന്ന് ഓർക്കുകയും കൃത്യസമയത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന സിപ്പോറ.

കരുത്തരെന്ന് കരുതപ്പെടുന്ന പുരുഷന്മാർ പതറുന്ന ഇടങ്ങളിൽ ദൈവം സ്ത്രീകളെ ഉപയോഗിക്കുന്നതിന്റെ, അല്ലെങ്കിൽ ദൈവത്തിനു പ്രവർത്തിക്കാൻ 'ബലഹീനർ' മതി എന്നുള്ളതിന്റെ തെളിവുകളായി, ഏഴു സ്ത്രീകൾ.

മുന്നിൽ, അതായത് പ്രത്യക്ഷത്തിൽ, വേദിയിൽ നായകനാകുന്ന പുരുഷനൊപ്പമല്ല ബൈബിളിൽ സ്ത്രീകളുടെ പദവി എന്നത് സുവ്യക്തമാണ്. എന്നാൽ 'അവൾ' സ്വാധീനശക്തി ഇല്ലാത്ത നിഷ്പ്രയോജനകരമായ ഒരു വ്യക്തിത്വവും അല്ല, **പുരുഷന്റെ ധൈര്യവും ബലവും ആയി സൗമ്യതയോടെയും ഉൾക്കാഴ്ചയോടെയും ധീരസമീപനങ്ങൾ കൈക്കൊള്ളുന്ന സ്ത്രീകളാണ് അവർ**. ദൈവത്തിലുള്ള ആഴമേറിയ വിശ്വാസവും ആശ്രിതത്വവും ആണ് ഈ സ്ത്രീകളുടെ ഏക കൈമുതൽ. പ്രതികൂലവും ഭയങ്കരവുമായ സാഹചര്യത്തിൽ, മോശെയുടെയും യേശുവിന്റെയും കാര്യത്തിൽ, ആൺകുട്ടികൾ കൊല്ലപ്പെടാനുള്ള കൽപ്പന നിലനിൽക്കുന്ന പശ്ചാത്തലത്തിൽ, ഗർഭം പേറേണ്ടി വരുമ്പോഴും, ജ്ഞാനവും ബലവും നൽകുന്ന ദൈവത്തെക്കുറിച്ചുള്ള ഉറപ്പ് അവർക്ക് കൈമോശം വരുന്നില്ല.

പ്രിയ സഹോദരിമാരെ, നമുക്കും ദൈവത്തിൽ നിന്ന് പ്രാപിക്കാം, നമ്മിലൂടെ ചെയ്തെടുക്കാനുള്ള ദൈവപദ്ധതിയുടെ വെളിപ്പാടിന്റെ ജ്ഞാനവും അത് നിവർത്തിക്കാൻ സർവ്വശക്തൻ നൽകുന്ന ബലവും കൃപയും... •

## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ



ജോയ് എം. തോമസ്

# കപടഭക്തിയുടെ വികൃതമുഖം

***കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്കു സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു; നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കയും ചെയ്യുന്നു; ഇതു ഹേതുവായി നിങ്ങൾക്കു കടുപ്പമേറിയ ശിക്ഷാവിധി വരും; കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി നടക്കുന്നു; ചേർന്നശേഷം അവനെ നിങ്ങളെക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു (മത്തായി 23:13-25)***

കപടഭക്തിയെ ദൈവം വെറുക്കുന്നു. ഭക്തരായിരിക്കേണ്ട ആത്മീക നേതൃത്വത്തിലുള്ള പരീശന്മാരും ശാസ്ത്രിമാരും കപടഭക്തരായിരിക്കുന്നു. കാവൽക്കാർ തന്നെ കള്ളന്മാർ ആയിരിക്കുന്ന അപകടകരമായ അവസ്ഥ! കപട ഭക്തിയുടെ വികൃത മുഖം അവർക്ക് കാട്ടി കൊടുക്കുന്നതാണ് കർത്താവിന്റെ വാക്കുകൾ. കപട ഭക്തിയെ സൂക്ഷിച്ച് ഒഴിഞ്ഞിരിക്കുവാനുള്ള മുന്നറിയിപ്പായി നമുക്ക് ഇത് സ്വീകരിക്കാം.

മത്തായി സുവിശേഷം 23-ാം അധ്യായത്തിൽ എട്ട് സ്ഥലങ്ങളിൽ 'നിങ്ങൾക്ക് ഹാ കഷ്ടം' എന്ന് കർത്താവ് പരീശന്മാരോടും ശാസ്ത്രിമാരോടും പറയുന്നുണ്ട്. അവരുടെ ആത്മിക പാപ്പരത്തവും ഭോഷത്വവും ഈ വാക്കുകൾ വെളിവാക്കുന്നു. മാത്രമല്ല വരുവാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പ് കൂടിയായിരുന്നു കർത്താവിന്റെ ഈ വാക്കുകൾ. കർത്താവ് നേരിട്ട് വ്യക്തമായും സ്പഷ്ടമായും അവരോട് സംസാരിച്ചിട്ടും അവർ മാനസാന്തരപ്പെട്ടിട്ടില്ല എന്നത് എത്ര ദു:ഖകരമാണ്. കപടഭക്തിയുടെ വഞ്ചനയും ഹൃദയ കാഠിന്യവുമാണ് ഇത് വെളിപ്പെടുത്തുന്നത്.

കപടഭക്തിക്കാരായ ആത്മീയ നേതൃത്വത്തിന്റെ ഒന്നാമത്തെ ഭീകരമായ അപരാധം: 'നിങ്ങൾ മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടച്ചു കളയുന്നു, നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടക്കുവാൻ സമ്മതിക്കുന്നതും ഇല്ല' എന്നതാകുന്നു. എത്ര വലിയ ഭോഷത്വവും അപരാധവും ആണ് അവർ ചെയ്തത് എന്ന് ചിന്തിക്കുക. അവർ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നില്ല എന്നത് അവരുടെ മഹാഭോഷത്വവും. സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിന് മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കണം (മർക്കോസ് 1:14,15). പാരമ്പര്യത്തിലും മാനുഷിക ഉപദേശങ്ങളിലും വിശ്വസിച്ച (മത്തായി 15:3) അവരുടെ ഹൃദയം അതിനാൽ കഠിനമായി തീർന്നിരുന്നു. ദൈവത്തിന്റെ ആലോചനയെ അവർ വ്യർത്ഥമാക്കി തീർത്തു. മാനസാന്തരത്തിന്റെ ആവശ്യം ചുങ്കക്കാർക്കും പാപികൾക്കും മാത്രമേ ഉള്ളൂ എന്നും തങ്ങൾക്കു അതിന്റെ ആവശ്യമില്ല എന്നും അവർ കരുതി. മാനസാന്തരപ്പെടുവാൻ കഴിയാതിരുന്ന അവർക്ക് സുവിശേഷത്തിൽ വിശ്വസിക്കുവാനും സാധിച്ചില്ല. 'കർത്താവായ ക്രിസ്തു (മശിഹ) എന്ന രക്ഷിതാവ് (യേശു) ദാവീദിന്റെ നഗരത്തിൽ(ബേത്ലഹേം) ദാവീദിന്റെ സന്തതിയായി നിങ്ങൾക്കായി ജനിച്ചിരിക്കുന്നു '(ലൂക്കോസ് 2:11) എന്നതാണ് സുവിശേഷം. അ

വർക്ക് ക്രിസ്തുവിൽ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. തങ്ങളുടെ വാഗ്ദത്ത മശിഹായെ തിരിച്ചറിയുവാനും കഴിഞ്ഞില്ല. സ്വർഗ്ഗരാജ്യത്തിൽ കടക്കുവാൻ അവർ തയ്യാറായില്ല.

ക്രിസ്തുവിലേക്ക് ആരും വരാതിരിക്കുവാൻ, മശിഹയെ അംഗീകരിക്കാതിരിക്കുവാൻ അവർക്ക് ചെയ്യുവാൻ കഴിഞ്ഞതെല്ലാം അവർ ചെയ്തുകൊണ്ടിരുന്നു. അങ്ങനെ മനുഷ്യർക്ക് അവർ സ്വർഗ്ഗരാജ്യം അടച്ചു കളഞ്ഞു. സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നവരെ കടക്കുവാൻ സമ്മതിക്കാതെ യേശുവിന്റെ പ്രവർത്തനങ്ങൾക്കെല്ലാം തടസ്സം ഉണ്ടാക്കുകയായിരുന്നു അവർ ചെയ്തത്. മശിഹയെ തിരിച്ചറിഞ്ഞ്, ജനങ്ങളെ മശിഹയിലേക്ക് നയിക്കേണ്ടവർ, മശിഹായെ തിരിച്ചറിയുവാൻ കഴിയാത്ത കുരുടന്മാർ ആവുകയും, ജനങ്ങളെ മശിഹായിൽ നിന്നും തടയുന്നവരുമായി തീർന്നത് അവരുടെ കപടഭക്തി കാരണമാണ്. അവരുടെ കപടഭക്തിയുടെ ഉറവിടം സ്വയനീതീകരണവും ആയിരുന്നു. പ്രവൃത്തിയാലുള്ള നീതീകരണത്തിൽ ആയിരുന്നു അവർ വിശ്വസിച്ചത്. ആഴ്ചയിൽ രണ്ടുവട്ടം ഉപവസിച്ചും കിട്ടുന്നതിൽ എല്ലാം പതാരം (ദശാംശം) കൊടുത്തും സമൂഹത്തിന്റെ മുമ്പിൽ വെള്ള തേച്ച് മാന്യരും കപടഭക്തിയുടെ മുഖംമൂടി അണിഞ്ഞ് പ്രാർത്ഥിച്ചും ദാനധർമ്മങ്ങൾ ചെയ്തും അവർ നീതി പ്രാപിക്കുവാൻ ശ്രമിച്ചു. തങ്ങൾ സ്വയം നീതിമാന്മാർ ആണെന്ന് ധരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഈ അബദ്ധം നമുക്ക് ആർക്കും പറ്റാതിരിക്കട്ടെ.

കപട ഭക്തിക്കാരായ ശാസ്ത്രിമാരുടെയും പരീശന്മാരുടെയും മറ്റൊരു ഗുരുതരമായ പാപം: 'വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു'എന്നതാണ്. ഇവർ ദ്രവ്യാഗ്രഹികളാണ്. ചൂഷണം ചെയ്യുന്നതിന് മിടുക്കന്മാർ. ഉറങ്ങിക്കിടക്കുന്നവനെ ഉണർത്തുവാൻ കഴിയും, എന്നാൽ ഉറക്കം നടിച്ച് കിടക്കുന്നവനെ ഉണർത്തുവാൻ സാധ്യമല്ല എന്ന് പറയുന്നതുപോലെ സ്വന്തം നേട്ടങ്ങൾക്കായി മന:പ്പൂർവ്വം തെറ്റ് ചെയ്യുന്ന ഇവരെ തിരുത്തുവാനോ നേരായ പാതയിലേക്ക് തിരിക്കുവാനോ കഴിയുകയില്ല. വിധവമാരെ ചൂഷണം ചെയ്ത് അവരുടെ സമ്പത്ത് കവർന്നെടുക്കുന്ന ഇവർ അത് മറയ്ക്കുവാൻ ദീർഘമായ പ്രാർത്ഥനകൾ നടത്തുന്നു. എത്ര കഷ്ടം. പ്രാർത്ഥനയുടെ മറവിൽ പാവങ്ങളെ ചൂഷണം ചെയ്യുന്നവർ! ഇത് ഇന്നും ക്രിസ്തീയ ഗോളത്തിൽ നാം കാണുന്ന യാഥാർത്ഥ്യം അല്ലേ?

അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും എന്ന മുന്നറിയിപ്പിനൊപ്പം കപട ഭക്തരും ചൂഷണം ചെയ്യുന്നവരുമായവരെക്കുറിച്ച് വ്യക്തമായി പരിശുദ്ധാത്മാവ് പൗലോസിലൂടെ നമുക്ക് അറിയിച്ചു തന്നിട്ടുണ്ട്. ആ വചനങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. 'അവർ വഞ്ചകരും വീണ്ടുവിചാരം ഇല്ലാത്ത എടുത്തുചാട്ടക്കാരും വിവരംകെട്ട ഗർവ്വിഷ്ഠരും ദൈവത്തെ സ്നേഹിക്കുന്നതിൽ ഉപരി സുഖഭോഗ പ്രിയരും ആയിരിക്കും. ഇങ്ങനെ, അവർ ഭക്തിയുടെ ശക്തിയെ പരിത്യജിച്ചവരെങ്കിലും അതിന്റെ ബാഹ്യരൂപം ധരിക്കുന്നവരും ആയിരിക്കും. ഇങ്ങനെയുള്ളവരെ വിട്ടകന്നു കൊള്ളുക. ഇവരിൽ ചിലർ ഭവനങ്ങളിൽ നുഴഞ്ഞുകയറി പാപാധിക്യത്തിനും നാനാവിധ ദുരാശകൾക്കും അധീനരായിരിക്കുന്ന ദുർബല സ്ത്രീകളെ വശപ്പെടുത്തുന്നു'(2 തിമോഥെയൊസ് 3:46). ആത്മീകതയുടെ മറവിൽ ചൂഷണം ചെയ്യുന്നവരെ സൂക്ഷിച്ച് ഒഴിയുക. ഇതേക്കുറിച്ച് മറ്റുള്ള സഹോദരങ്ങളെ ബോധവൽക്കരിക്കുകയും വേണം.

പരീശന്മാന്മാർ ദീർഘമായി പ്രാർത്ഥിച്ചിരുന്നു. മൂന്നു മണിക്കൂർ വരെ അവർ പ്രാർത്ഥിച്ചിരുന്നു. അങ്ങനെ ദിവസം മൂന്നു നേരം! പ്രാർത്ഥനാവീരന്മാരായി ജനം അവരെ കണ്ടിരുന്നു. എന്നാൽ ഹൃദയങ്ങളെ അറിയുന്ന കർത്താവ് പറഞ്ഞത് അവർ പ്രാർത്ഥിച്ചത് വിധവമാരെ പറ്റിക്കുവാനുള്ള ഒരു ഉപായമായിരുന്നു എന്നാണ്. പ്രാർത്ഥനയിൽ കേൾവിക്കാരെ സുഖിപ്പിച്ച് അവരെ കൊള്ളയടിക്കുന്ന പ്രവാചകന്മാരെയും പ്രാർത്ഥനാവീരരെയും ഒക്കെ സൂക്ഷിക്കണം. കൂടെക്കൂടെ നീണ്ട ദിവസങ്ങൾ ഉപവസിക്കുന്നു എന്ന് നമുക്ക് തോന്നാം. എന്നാൽ ഇത് ഒരു ഉപായമാക്കി തീർക്കുന്നവർക്ക് അയ്യോ കഷ്ടം!

മൂന്നാമതായി പരീശന്മാരുടെയും ശാസ്ത്രിമാരുടെയും വികൃതമുഖം തുറന്നു കാട്ടുന്ന മേഖല അവരുടെ മതപ്രചരണം ആണ്. അവരുടെ മതമായ യഹൂദാ മതത്തിൽ ചേർക്കുന്നതിനോ അവരുടെ അനുയായികൾ ആക്കുന്നതിനോ അവർ കടലും കരയും താണ്ടി യാത്ര ചെയ്യുന്നു. ഒരാളെ മതത്തിൽ ചേർക്കാൻ അവർ വലിയ അധ്വാനമാണ് ചെയ്യുന്നത്. മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടച്ചു കളയുന്ന ഇവർ മതത്തിൽ ആളെ കൂട്ടുവാൻ കഠിനാധ്വാനം ചെയ്യുന്നു. വാസ്തവത്തിൽ എത്ര വലിയ ഭോഷത്തമാണ് അവർ ചെയ്യുന്നത്?

ഇന്നത്തെ സുവിശേഷ പ്രവർത്തനങ്ങളെക്കു

റിച്ച് എന്താണ് അഭിപ്രായം? ജനങ്ങൾ പാപത്തിൽ നിന്നും അതിന്റെ ശിക്ഷാവിധിയിൽ നിന്നും വിടുതൽ നേടി, നിത്യജീവൻ പ്രാപിച്ച് ദൈവത്തിന്റെ മക്കളായി തീരണം എന്ന ആത്മാർത്ഥമായ ആത്മഭാരമാണോ സുവിശേഷ പ്രവർത്തനങ്ങളുടെ പിമ്പിൽ ഓരോ വ്യക്തിയിലും ഉള്ളത്? അതോ എന്തെങ്കിലും നേട്ടങ്ങൾക്ക് വേണ്ടിയുള്ള കുറുക്കുവഴിയാണോ? അവരവർ ആയിരിക്കുന്ന 'തങ്ങളുടെ സഭയിൽ' ജനങ്ങളെ ചേർക്കുക എന്നതാണോ താല്പര്യം? സ്വയപരിശോധന തീർച്ചയായും ഗുണം ചെയ്യും. തെറ്റുകൾ തിരുത്തി നാം മുന്നോട്ട് പോകേണ്ടത് വളരെ അത്യാവശ്യമാണ്.

പരീശന്മാരുടെയും ശാസ്ത്രിമാരുടെയും കഠിനപ്രയത്നത്തിന് ഫലം എന്താണ് ഉള്ളത്? കർത്താവ് പറയുന്നു: 'ഒരുവനെ മതത്തിൽ ചേർത്തശേഷം അവനെ നിങ്ങളെക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു' കർത്താവ്, സർവ്വാധികാരി ആയവൻ അവർക്ക് നേരെ വിരൽ ചൂണ്ടുന്നു. നിങ്ങൾ നരകയോഗ്യർ, മതത്തിൽ ചേർത്തവരെ നിങ്ങളെക്കാൾ ഇരട്ടി നരകയോഗ്യരാക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. തെറ്റായ മാതൃക കാട്ടി, തെറ്റായ ഉപദേശങ്ങൾ പഠിപ്പിച്ച് ഇവർ അവരുടെ ഗുരുക്കന്മാരേക്കാൾ വലിയ കപടഭക്തരായി മാറുന്നു. ദൈവവചനത്തിന്റെ സത്യം വിട്ട് അവർ കൂടുതൽ വ്യാജത്തിലേക്ക് തിരിയുന്നു.

അടുത്ത തലമുറ നമ്മെക്കാൾ ശക്തരായിരിക്കണം. ശരിയായ ജീവിതമാതൃക കാട്ടി, ശരിയായ ആത്മീയ ഉപദേശത്തിൽ, ദൈവവചനത്തിന്റെ ലളിത സത്യമാകുന്ന മായമില്ലാത്ത പാലും പഥ്യോപദേശം ആകുന്ന കട്ടിയായ ആഹാരവും നൽകി നാം ഇന്ന് നമ്മുടെ ഇളം തലമുറകളെ പരിശീലിപ്പിക്കുന്നു എങ്കിൽ അവർ നമ്മെക്കാൾ ശക്തരായി ദൈവത്താൽ ഉപയോഗിക്കപ്പെടും. അവർ കർത്താവിനായി ഫലം നൽകും. എന്നാൽ കപടഭക്തരുടെ പിൻഗാമികൾ അവരെക്കാൾ കപടഭക്തിയിൽ ശക്തന്മാരായി തീരുവാനാണ് സാധ്യത.

അതെ, അങ്ങനെ ഇരട്ടി ശിക്ഷാവിധിക്ക് യോഗ്യർ ആയേക്കാം! കപടഭക്തി നമുക്ക് സൂക്ഷിച്ച് ഒഴിയാം!! ഭയത്തോടും വിറയലോടും കൂടെ നമ്മുടെ പ്രവാസകാലം നയിക്കാം •

## ഹൃദയത്തിൽ സത്യസന്ധത പുലർത്തുക

സത്യസന്ധത എന്നത് വാക്കുകൾ വളച്ചൊടിക്കാതെ സംസാരിക്കുകയും പെരുമാറ്റത്തിൽ കൃത്രിമമോ വ്യാജമോ കാണിക്കാതിരിക്കുകയും ചെയ്യുന്നതാണ്. ദൈവമക്കളുടെ ഇടയിൽ നിരവധി സത്യസന്ധമല്ലാത്ത കാര്യങ്ങൾ കണ്ടിട്ടുണ്ട്. ഒരു സഹോദരൻ ദരിദ്രന് ദാനമായി വസ്ത്രം നൽകുമ്പോൾ പോലും, അദ്ദേഹം സത്യസന്ധനല്ല എന്ന് മനസിലാക്കിയിട്ടുണ്ട്. എന്താണ് പറയുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ? അദ്ദേഹം ആ വസ്ത്രം നൽകുന്നത് ദരിദ്രനെ സ്നേഹിക്കുന്നതു കൊണ്ടും അയാൾക്ക് വസ്ത്രം ആവശ്യമാണെന്ന് തോന്നുന്നതുകൊണ്ടുമല്ല, മറിച്ച് താൻ ദാനശീലനാണെന്നു മറ്റുള്ളവർ പറയണം എന്ന് അദ്ദേഹം ആഗ്രഹിക്കുന്നതുകൊണ്ടാണ്. അതുകൊണ്ടാണ് അദ്ദേഹം ആ വസ്ത്രം നൽകുന്നത്. ഇത് സത്യസന്ധമല്ലാത്ത ഹൃദയത്തിൽ നിന്ന് വരുന്ന ഒന്നാണെന്ന് ഓർമ്മിക്കുക. വിജാതീയർക്കിടയിൽ ഇത് വഞ്ചനയായി കണക്കാക്കപ്പെടുന്നില്ല. പക്ഷേ സഭയിൽ ഇത് സത്യസന്ധതയില്ലായ്മയാണ്. പലപ്പോഴും സഭയിൽ മൂപ്പന്മാരായിരിക്കുന്നവർ പോലും തന്ത്രശാലികളായി മാറിയിരിക്കുന്നു. ചില വ്യക്തികളിൽ അവർ ഒട്ടും തൃപ്തരല്ലായിരിക്കാം, പക്ഷേ ബാഹ്യമായി, അവർ പുഞ്ചിരിക്കുകയാണ്. മറ്റുള്ളവരിൽ സംതൃപ്തനല്ലെങ്കിൽപ്പോലും അത് മറച്ചു വയ്ക്കുന്നത് വ്യാജമാണ്. അത്തരമൊരു വ്യക്തിക്ക് നിരപ്പ് പ്രാപിച്ച വിശ്വസ്തതയും സത്യസന്ധതയുമുള്ള ഒരു മനോഭാവം ഉണ്ടായിരിക്കണം; സത്യസന്ധമായ ഹൃദയത്തോടെ പെരുമാറണം. ഇതാണ് ശരിയായ വഴി. സംഘടനയിലും, മതത്തിലും ആളുകൾ വ്യാജഭാവം നടിക്കുന്നു. അത് അവർക്കു തെറ്റായി തോന്നുന്നുമില്ല. എന്നാൽ ക്രിസ്ത്യനികൾ ആത്മാർത്ഥതയുള്ളവരായിരിക്കണം. ദൈവമുമ്പാകെ സത്യസന്ധമായ ഹൃദയം ഉണ്ടായിരിക്കാൻ ബദ്ധശ്രദ്ധരായിരിക്കണം. നമ്മുടെ വാക്കുകൾ, മനോഭാവം, സഹോദരീസഹോദരന്മാരുമായുള്ള ബന്ധങ്ങൾ എന്നിവയെല്ലാം ആത്മാർത്ഥമായിരിക്കണം.

നോട് ഒരു ശിഷ്യൻ ചോദിച്ചാലും യേശു അത് അനുവദിക്കുകയില്ല. കാരണം, ദൈവം തന്റെ ശിഷ്യനെ അത്രയ്ക്കു സ്നേഹിക്കുന്നു. അപ്പോൾ ശിഷ്യന്റെ പ്രാർഥനയ്ക്ക് ദൈവം പലപ്പോഴും മറുപടി നല്കാതിരിക്കുന്നതു ശിഷ്യനോടുള്ള സ്നേഹക്കുറവുകൊണ്ടല്ല, സ്നേഹക്കൂടുതൽ കൊണ്ടാണ്.

ശിഷ്യനാകാനുള്ള തീരുമാനമെടുക്കുന്നത് ഓരോരുത്തരും വ്യക്തിപരമായാണെങ്കിലും ശിഷ്യനായിക്കഴിഞ്ഞാൽ ശിഷ്യനുവേണ്ടി തീരുമാനമെടുക്കുന്നത് ശിഷ്യനല്ല, കർത്താവാണ്. 'തന്നെ കൂടെ കൊണ്ടുപോകണ'മെന്ന് അവൻ ആവശ്യപ്പെടുന്നത് സ്വഭാവികമായി പറഞ്ഞാൽ അംഗീകരിക്കേണ്ട ഒരു ആവശ്യമാണ്. ഒരുപക്ഷെ അവൻ പറയുന്നത് ഇങ്ങനെയാവാം: കർത്താവേ, എന്നെ ഇവിടെ നിർത്തിയാൽ ഞാൻ എങ്ങോട്ടു പോകും? എന്റെ വീട്ടുകാർ എന്നെ സ്വീകരിക്കില്ല. എന്റെ നാട്ടുകാർ എന്നെ ഓടിച്ചുവിടും. എനിക്കു കൂട്ടുകാരില്ല, കുടുംബക്കാരില്ല... എല്ലാവരും എന്നെ വെറുക്കുന്നു... എന്നെ നിന്റെ കൂടെ കൊണ്ടുപോകണം.

യേശു അവനെ അനുവദിക്കാതെ "നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്ന്, കർത്താവ് നിനക്കു ചെയ്തതൊക്കെയും നിനക്കു കരുണ കാണിച്ചതും പ്രസ്താവിക്ക" എന്ന് അവനോടു പറഞ്ഞു (മർക്കോസ് 5: 19). കർത്താവു നമ്മെ സൗഖ്യമാക്കിയതു സാക്ഷിയാകാനാണ് എന്ന സത്യം നാം പലപ്പോഴും മറന്നുപോകുന്നു. ഈ പുതിയ ശിഷ്യനെ നാം അഭിനന്ദിക്കേണ്ടത് അവന്റെ അനുസരണത്തിന്റെ കാര്യത്തിലാണ്. യേശുപറഞ്ഞതും അതിലധികവും അവൻ ചെയ്തു. അത് അക്ഷരാർഥത്തിൽ ചെയ്തു എന്നു തന്നെ ഞാൻ ചിന്തിക്കുന്നു. യേശു പറഞ്ഞത്, "നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെല്ലുക" എന്നാണ്. അവൻ വീട്ടിലെത്തുന്ന സംഭവം ഭാവനയിൽ കണ്ടുനോക്കൂ.

ഒരുപക്ഷെ ദൂരെനിന്ന് അയാൾ നടന്നുവരുന്നതു മൂത്തകുട്ടി കണ്ടുവെന്നിരിക്കട്ടെ... അയാളുടെ 'തലവെട്ടം' കാണുമ്പോൾ തന്നെ അവൻ അലറിക്കരഞ്ഞുകൊണ്ട് അകത്തേക്ക് ഓടുമായിരിക്കണം. "അമ്മേ... അച്ഛൻ വരുന്നു പെട്ടെന്ന് കതകടയ്ക്ക്!" എന്നാവും അവന്റെ കരച്ചിൽ. അമ്മ ഓടിവന്നു പുറത്തേക്ക് ഒന്നുനോക്കി. അതെ, തന്റെ ഭർത്താവ് വരുന്നുണ്ട്. അവർ പെട്ടെന്നു തന്നെ മുൻവാതിൽ അടച്ചു. ഇല്ലെങ്കിൽ എന്തു സംഭവിക്കും എന്ന് എങ്ങനെ അറിയാം. തന്നെ എന്തുവേണമെങ്കിലും ചെയ്തോട്ടെ, തന്റെ കുഞ്ഞുങ്ങളുടെ ജീവന് അപകടം സംഭവിച്ചാലോ... കഴിഞ്ഞ തവണ വന്നപ്പോൾ ജനാലയുടെ ചില്ലുകൾ തല്ലിപ്പൊട്ടിച്ചതും കുഞ്ഞിന്റെ തലയ്ക്ക് കല്ലു വലിച്ചെറിഞ്ഞതുമൊക്കെ അവർ ഓർത്തുകാണണം. ആ സ്ത്രീ കുഞ്ഞുങ്ങളെയും കൊണ്ട് അകമുറിയിലേക്കു കയറിപ്പോയി.

ഇടയ്ക്ക് ഇളയമകൻ, പൊട്ടിയ ജനാലയുടെ വിടവിലൂടെ അച്ഛനെ നോക്കി. 'അമ്മേ... അമ്മേ... അതാ അച്ഛൻ ഉടുപ്പിട്ടിട്ടുണ്ട്' അവൻ വിളിച്ചു പറഞ്ഞു. ങേ! ങേ! ചേട്ടൻ മുൻമുറിയിലേക്കോടി ജനാലയുടെ പാളി തുറന്നു നോക്കി. 'ശരിയാണ്. അച്ഛൻ വസ്ത്രം ധരിച്ചിട്ടുണ്ട്, അയ്യോ, അമ്മേ, അച്ഛൻ വസ്ത്രം ധരിച്ചിട്ടുണ്ട്. തന്നെയല്ല, അച്ഛൻ ചിരിച്ചുകൊണ്ടാണ് അമ്മേ വരുന്നത് അവൻ പറഞ്ഞു'.

അമ്മയ്ക്കും ഉദ്വേഗം അടക്കാൻ കഴിഞ്ഞില്ല. മക്കൾക്കു പിന്നാലെ അവരും മുൻമുറിയിലെത്തി. ദൈവമേ, കുഞ്ഞുങ്ങൾപറഞ്ഞതു ശരിയാകുമോ? എന്റെ ഭർത്താവിനെ എനിക്കു തിരികെ കിട്ടുമോ? അപ്പോൾ വാതില്ക്കൽ മുട്ടുകേട്ടു. 'കുഞ്ഞേ...മോനേ.. അച്ഛനാ പേടിക്കേണ്ട.. കതകു തുറക്ക്' വർഷങ്ങൾക്കുശേഷം ആ കുടുംബം പിതാവിന്റെ സുബോധത്തോടെയുള്ള ശബ്ദംകേട്ടു. എന്തുചെയ്യണം? വാതിൽ തുറക്കണമോ? അപകടമുണ്ടാവുമോ?

ഒടുവിൽ രണ്ടും കല്പിച്ച് ആ സ്ത്രീ വാതിൽ തുറന്നു. സുഖം ലഭിച്ച ഭൂതഗ്രസ്തനായിരുന്ന വ്യക്തി വർഷങ്ങൾക്കുശേഷം സുബോധത്തോടെ തന്റെ ഭവനത്തിലേക്കു കയറി. സ്തബ്ധരായി നില്ക്കുന്ന തന്റെ കുടുംബാംഗങ്ങളെ നോക്കി അയാൾ പറഞ്ഞു: 'പേടിക്കേണ്ട യേശു എന്നെ സൗഖ്യമാക്കി.. യേശു എന്നെ സൗഖ്യമാക്കി'. അയാൾ ഇളയ കുഞ്ഞിന്റെ നേരെ കൈകൾ നീട്ടി.. ആദ്യം അല്പമൊന്നു പകച്ചുനിന്നെങ്കിലും പിന്നെ അവൻ അച്ഛന്റെ കൈകളിലേക്ക് ഓടിച്ചെന്നു. അയാൾ ഇളയമകനെ കരങ്ങളിലേന്തി ചുംബിച്ചു. മൂത്ത മകൻ അച്ഛന്റെ അടുത്ത് ചേർന്നുനിന്നു. അയാൾ തന്റെ കൈകൾകൊണ്ടു ഭാര്യയുടെ മുടിയിഴകൾ തഴുകി. അവൻ

കർത്താവു തനിക്കു ചെയ്തതൊക്കെയും തന്നോടു കരുണ കാണിച്ചതുമെല്ലാം തന്റെ ഭവനത്തിൽ വിവരിച്ചു (മർക്കോസ് 5: 26:19)

ഭൂതഗ്രസ്തനായിരുന്ന മനുഷ്യൻ തന്റെ ഭവനത്തിന്റെ ഗേറ്റ് കടന്നുപോകുന്നത് അയൽക്കാർ കണ്ടിരുന്നു. എന്താണു സംഭവിക്കുക എന്ന കാര്യത്തിൽ അവർക്കൊരു ഉറപ്പില്ലായിരുന്നു. അയാൾ ഭ്രാന്തു കയറി ഭാര്യയെയും മക്കളെയും കൊന്നുകളയുമോ? അല്പം കഴിഞ്ഞപ്പോൾ അവർ കണ്ടത് അപ്പന്റെ കൈയ്ക്കു പിടിച്ച് നടക്കുന്ന കുഞ്ഞുങ്ങളെയും ശാന്തമായി അവരെ അനുഗമിക്കുന്ന അവന്റെ ഭാര്യയെയുമാണ്... ഇതെന്തു പറ്റി? അവർ ആശ്ചര്യപ്പെട്ടു. കാര്യമറിയാൻ ചിലർ ധൈര്യപ്പെട്ട് അവരുടെ ഭവനത്തിലേക്കു വന്നു. അയാൾ യേശു തന്റെ ജീവിതത്തിൽ ചെയ്ത കാരുണ്യത്തിന്റെ കഥ അവരോടും വിവരിച്ചു. അവർക്കെല്ലാം യേശുവിനെ കാണണമെന്ന് ആഗ്രഹമായി. എന്നാൽ, പന്നിയുടെ ഉടമസ്ഥർ യേശുവിനെ പറഞ്ഞുവിട്ട സംഭവം അയാൾ അവരോടു പറഞ്ഞു. ഇനി യേശു വന്നാൽ അവനെ നമ്മുടെ നാട്ടിലെ എല്ലാവരെയും കാണിക്കണം എന്ന് അവർ തീരുമാനിച്ചു. യേശു തന്റെ പുതിയ ശിഷ്യനോട് കർത്താവു അവനു ചെയ്ത ഉപകാരങ്ങളെ വീട്ടുകാരോട് പറയാനാണു പറഞ്ഞത്. ‘എന്നാൽ അവൻ പോയി യേശു തനിക്കു ചെയ്തതൊക്കെയും വീട്ടിൽ മാത്രമല്ല, ദക്കപ്പൊലി നാടുകളിൽ ഘോഷിച്ചുതുടങ്ങി’ (മർക്കോസ് 5: 20). യേശുവിന്റെ ശിഷ്യനായി യേശുവിനോടു കൂടെ നടക്കുന്നതു വളരെ അത്യാവശ്യം. എന്നാൽ, യേശുവിന്റെ സാക്ഷിയാകാൻ കഴിയുന്നതു മഹാഭാഗ്യം. ഒരു കാര്യമോർക്കണം യേശുവിനെ പുറത്താക്കിയ നാട്ടിലേക്കാണു യേശു തന്റെ ശിഷ്യനെ സാക്ഷിയാവാൻ അയച്ചത്. **ഇന്നും യേശു തന്റെ സാക്ഷിയാവാൻ നമ്മെ പറഞ്ഞുവിടുന്നു. തന്നെ തിരസ്കരിച്ച ലോകത്തിലേക്ക്...**

നികൃഷ്ടരും മറ്റുള്ളവരുടെ കണ്ണിനു ദയയില്ലാതിരുന്നവരുമായ നമ്മെത്തേടി അവിടുന്ന് ഇറങ്ങിവന്നല്ലോ. നമ്മോടുള്ള തന്റെ കരുതലിനും സ്നേഹത്തിനും തീർച്ചയായും നാം നന്ദിയും സന്തോഷവും ഉള്ളവരായിരിക്കണം. **എന്നാൽ അതിനുമപ്പുറമായി അവിടുത്തെ സ്നേഹത്താൽ നിർബന്ധിക്കപ്പെട്ടവരായി യേശുവിനെ തിരസ്കരിച്ച ലോകത്തിലേക്ക് വിശ്വസ്ത സാക്ഷിയായി ജീവിക്കുവാൻ നമുക്ക് നമ്മെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കാം**. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ●

**സമൂഹത്തോടുള്ള നമ്മുടെ കടപ്പാട് നിവർത്തിക്കുന്നത് ക്രമമായി ആരാധനായോഗം നടത്തുന്നതിനാലോ, സുവിശേഷയോഗങ്ങളും സംഗീത പരിപാടികളും സംഘടിപ്പിക്കുന്നതിനാലോ തീരുന്നതല്ല. ചുറ്റുമുള്ളവരുടെ മധ്യേ ഒരു സ്വാധീനശക്തിയായി ജീവിക്കുന്നതാണു പ്രധാനം. സുവിശേഷത്തിനു സാക്ഷിയാകുന്നത് വിശ്വാസിയുടെ വ്യക്തിപരമായ കടപ്പാടാണ്.**

**പോൾ ചാപ്പൽ**

**കർത്താവിന്റെ ശബ്ദം നമ്മെ നിർബന്ധിക്കുന്നത് ഭീരുവായ ഒരു ശിഷ്യനായിരിക്കാനല്ല, നിർഭയനായ ഒരു സാക്ഷിയായിരിക്കാനാണ്.**

**ചാൾസ് സ്റ്റാൻലി**

**യേശുവിന്റെ പഠിപ്പിക്കലുകളെ സ്വന്ത പരിശ്രമത്താൽ പ്രമാണിക്കുവാൻ ശ്രമിക്കുന്നവൻ ഇന്ധനമില്ലാത്ത കാർ റോഡിലൂടെ തള്ളിക്കൊണ്ടുപോകാൻ പാടുപെടുന്നതുപോലെയാണ്. പരിശുദ്ധാത്മാവാകുന്ന ഇന്ധനം ഉള്ളിൽ നിറച്ചാൽ യാത്ര സുഗമമായി. ആത്മാവ് പാപബോധം വരുത്തുന്നു, അനുതാപം വരുത്തുന്നു, പിതാവിന്റെ സ്നേഹം ചൂണ്ടിക്കാട്ടുന്നു, രൂപാന്തരപ്പെടുത്തുന്നു, നിത്യതയിലേയ്ക്കു നയിക്കുന്നു.**

Author unknown

# മാലിന്യം, സർവ്വത്ര മാലിന്യം!

**2025** മെയ് 24 നാണ് ലൈബീരിയൻ ചരക്കുകപ്പലായ 'എം.എസ്.സി എൽസ 3' അപകടത്തിൽപ്പെട്ടത്. 23 ന് വിഴിഞ്ഞം തുറമുഖത്തു നിന്ന് പുറപ്പെട്ട കപ്പൽ കൊച്ചി തുറമുഖത്ത് എത്താനിരിക്കെയാണ് അപകടം സംഭവിച്ചത്. കപ്പൽ കടലിൽ ചരിഞ്ഞ് അപകടകരമായ വസ്തുക്കളടങ്ങുന്ന ഏകദേശം 400 കണ്ടെയ്നറുകൾ കടലിൽ പതിക്കുകയായിരുന്നു. കടലിൽ വീണ കണ്ടെയ്നറുകളിൽ 'മറൈൻ ഗ്യാസൊലിൻ', 'ഹൈ ഡെൻസിറ്റി ഡീസൽ', 'പ്ലാസ്റ്റിക് പെല്ലറ്റ് ' എന്നിങ്ങനെ മാരകമായ പലതും ഉണ്ടെന്നാണ് വിവരം. അടിയന്തര സഹായം ആവശ്യപ്പെട്ട് കപ്പലിൽ നിന്ന് അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് കോസ്റ്റ്ഗാർഡും നാവികസേനയും രക്ഷാപ്രവർത്തനം നടത്തി. കപ്പലിലുണ്ടായിരുന്ന 24 ജീവനക്കാരിൽ ഒമ്പതു പേർ അപകടസമയത്ത് തന്നെ ലൈഫ് ജാക്കറ്റ് ഉപയോഗിച്ച് കടലിൽ ചാടിയിരുന്നു. ഇവർ ഉൾപ്പെടെ എല്ലാവരെയും രക്ഷപ്പെടുത്തി.

എംഎസ്സി എൽസ 3' ചരക്കുകപ്പലിൽനിന്ന് ചോർന്ന എണ്ണ നശിപ്പിക്കാനുള്ള ദൗത്യം ഊർജിതം. ദൗത്യത്തിൽ പങ്കുചേരാൻ മുംബൈയിൽനിന്ന് തീരസംരക്ഷണസേനയുടെ 'സമുദ്രപ്രഹരി' കപ്പൽകൂടി എത്തി. നിലവിൽ 'വിക്രം', 'സക്ഷം', 'സമർഥ്' കപ്പലുകൾ എണ്ണ നശിപ്പിക്കാനും വ്യാപനം പ്രതിരോധിക്കാനും സമുദ്രമലിനീകരണം തടയാനുമുള്ള ദൗത്യം നിർവഹിക്കുന്നു.

ഇൻഫ്രാറെഡ് ക്യാമറകൾ ഉപയോഗിച്ച് എണ്ണ വ്യാപിച്ച ഇടങ്ങൾ കണ്ടെത്തിയാണ് നശിപ്പിക്കുന്നത്. 'ഡോണിയർ' വിമാനവും നിരീക്ഷണത്തിനുണ്ട്. കപ്പൽ മുങ്ങിയ ഉടൻതന്നെ കടലിൽ എണ്ണപ്പാട കണ്ടെത്തിയിരുന്നു. അവിടേക്ക് തീരസംരക്ഷണസേന 'സക്ഷം' കപ്പലും 'ഡോണിയർ' വിമാനവും അയച്ചു. മണിക്കൂറിൽ 1.5 മുതൽ രണ്ടുവരെ നോട്ടിക്കൽ മൈൽ വേഗത്തിലാണ് എണ്ണപ്പാളി നീങ്ങിയത്. പ്രതികൂല കാലാവസ്ഥ ഇത് നശിപ്പിക്കുന്നത് ദുഷ്ക്കരമാക്കി. തുടർന്നാണ് കൂടുതൽ കപ്പലുകളും ബോട്ടുകളും വിന്യസിച്ചത്. നൂറിലധികം കണ്ടെയ്നറുകൾ ഒഴുകിനടക്കുന്നതായി കണ്ടെത്തിയിരുന്നു.

തീരത്തടിയുന്ന എണ്ണപ്പാട മണലിലോ മണ്ണിലോ കലരും. ഇത് ഇവിടെനിന്ന് ഉപകരണം ഉപയോഗിച്ച് ശേഖരിക്കും. അപകടകരമായ മാലിന്യങ്ങൾക്കൊപ്പം ചേർത്ത് സംസ്കരിച്ച് സുരക്ഷിതമായി മൂടും. കടലിലും തീരത്തും എണ്ണപ്പാട മാറ്റാനുള്ള രീതികൾ വ്യത്യസ്തമാണ്. കടലിലാണെങ്കിൽ 'ബൂം' എന്ന ഉപകരണം ഉപയോഗിച്ച് എണ്ണപ്പാട തടഞ്ഞുനിർത്തും. ഉപകരണം പ്രയോഗിക്കുന്നതോടെ വലയം രൂപപ്പെടും. എണ്ണപ്പാട ഇതിനകത്താകും വ്യാപിക്കുക. തുടർന്ന് 'സ്കിമ്മർ' ഉപയോഗിച്ച് വലിച്ചെടുത്ത് ബാരലിൽ ശേഖരിക്കും . പിന്നീട് വേസ്റ്റ് ഓയിൽ കൈകാര്യം ചെയ്യുന്ന റിഫൈനറികളിൽ എത്തിച്ച് വേർതിരിച്ചെടുക്കും.

കടലിലും കരയിലും മാത്രമല്ല വ്യക്തികളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും പ്രസ്ഥാനങ്ങളിലും എന്നുവേണ്ട സമസ്ത മേഖലകളിലും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ മാലിന്യം നുഴഞ്ഞു കയറിയിരിക്കുകയാണ്. കരയും ജലസ്രോതസുകളും വായുവും മനുഷ്യമനസ്സുകൾ പോലും സർവ്വത്ര മലിനമായിരിക്കുന്നു. കടലിൽ മാത്രമല്ല സമൂഹ, വ്യക്തി മനസ്സുകളിലും സംശുദ്ധമായ മാലിന്യ സംസ്കരണം അനിവാര്യമായിരിക്കുന്നു. ഓരോ വ്യക്തിയും അവരവർ ആരംഭിച്ച് എല്ലാ ഇടങ്ങളിലേക്കും ഈ ശുദ്ധീകരണം വ്യാപിച്ചിരുന്നു എങ്കിൽ എന്ന് ആശിച്ചു പോകുന്നു. ആവശ്യത്തിലധികം മാലിന്യങ്ങൾ ആവരണം ചെയ്തിരിക്കുന്ന ഇടങ്ങളിലേക്ക് ഇനിയും പുതിയ മാലിന്യങ്ങൾ ഉണ്ടാകാതിരിക്കുവാൻ അധികാരികളും നാമോരോരുത്തരും ഒന്ന് ശ്രദ്ധിച്ചിരുന്നെങ്കിൽ....!!!

# മതഭക്തിക്ക് പകരം ശുദ്ധമായ ഭക്തി

മതഭക്തി, ബാഹ്യഭക്തി, കപടഭക്തി, വേഷഭക്തി പരീശഭക്തി എന്നിങ്ങനെ ഭക്തിയെക്കുറിക്കുന്ന അനേകം പ്രയോഗങ്ങൾ ആത്മീയലോകത്ത് ഉണ്ട്. ഭക്തിയുടെ തലം ഓരോരുത്തർക്കും വ്യത്യസ്തമാണ്. എന്താണ് യഥാർത്ഥ ഭക്തി? കർത്താവ് അന്നത്തെ യഹൂദാമതത്തിന്റെ വ്യാജഭക്തിക്കെതിരെ ആഞ്ഞടിച്ചത് 'പാറയെ തകർക്കുന്ന ചുറ്റിക' പോലെ ആയിരുന്നു. ഗിരിപ്രഭാഷണത്തിൽ പല വാക്യങ്ങളിലൂടെ കപടഭക്തിയേയും മനുഷ്യരുടെ മുമ്പിൽ പ്രദർശനം ആക്കുന്ന പരീശഭക്തിയേയും യേശുനാഥൻ തീവ്രമായി വിമർശിച്ചു.

കർത്താവ് ഉപദേശിച്ച ഭക്തിയുടെ പാഠങ്ങൾ എപ്പോഴും ലളിതവും ശുദ്ധവും ആയിരുന്നു. ദൈവത്തോടുള്ള ബഹുമാനവും ധർമ്മനിഷ്ഠയും ആണ് യഥാർത്ഥ ദൈവീകത. ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും ആണ് കൊരിന്ത്യസഭയിലെ വിശ്വാസികളിൽ നിന്ന് പൗലോസ് അപ്പോസ്തോലൻ ഡിമാൻഡ് ചെയ്തത് (2 കൊരിന്ത്യർ 11:3). ആത്മാർത്ഥതയും സംശുദ്ധവുമായ ഭക്തിയാണ് നാം ഓരോരുത്തരിലും ഉണ്ടാകേണ്ടത്. ഈ ലോകത്തിലെ വിനാശകരമായ വിഷയാസക്തിയിൽ നിന്ന് വിടുവിക്കപ്പെട്ട് ദിവ്യസ്വഭാവത്തിന് പങ്കാളിയാകുന്നതാണ് ഭക്തിയുടെ ലക്ഷണം എന്ന് വിശുദ്ധ പത്രോസും ഓർമ്മിപ്പിക്കുന്നു (2 പത്രോസ് 1:37). കപടഭക്തിയെ വെറുക്കുന്ന ദൈവം ആത്മീയനിഗളത്തെയും വിമർശിക്കുന്നത് തിരുവെഴുത്തിലുടനീളം കാണുവാൻ സാധിക്കും. മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടച്ചുകളയുന്നവരായി ഈ വേഷഭക്തിക്കാരെയും ദീർഘമായി ദുഷ്ടലാക്കോടെ പ്രാർത്ഥിക്കുന്ന ആത്മീയതയുടെ പ്രദർശനക്കാരെയും യേശുകർത്താവ് വിമർശിച്ചു. രക്ഷിതാവും കർത്താവുമായ ക്രിസ്തുവിനോടുള്ള ദൃഢമായ ബന്ധത്തിൽ നിന്ന് അകറ്റിനിർത്താൻ യഹൂദാമതം ശ്രമിച്ചതു പോലെ സംഘടനാശൈലികളും സ്ഥാനമഹിമയ്ക്കായി അഭിനവ സുവിശേഷവിഹിതരും 'വേറൊരു സുവിശേഷമാണ്' മാർക്കറ്റ് ചെയ്യുന്നത്. 'പിതാവായ ദൈവത്തിന്റെ മുമ്പിൽ ശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാകുന്നു' എന്നാ ണ് വിശ്വാസത്തിന്റെ പ്രായോഗിക അപ്പോസ്തലനായ യാക്കോബ് ഓർമ്മിപ്പിച്ചത്: 'ദുരിതമനുഭവിക്കുന്ന അനാഥരെയും വിധവകളെയും സന്ദർശിക്കുക, ലോകത്തിന്റെ കളങ്കങ്ങളിൽ നിന്ന് സ്വയം കാത്തുസൂക്ഷിക്കുക'. അതെ, നമ്മുടെ ധാർമ്മികത ക്രിസ്തുവിന്റെ നിലവാരത്തിനൊപ്പം ആവുകയും ദൈവഭയത്തിന്റെയും ക്രിസ്തുസ്നേഹത്തിന്റെയും പൂർണ്ണതയിലേക്ക് ദിനംപ്രതി വളരുകയും ചെയ്യുമ്പോൾ, അതാണ് യഥാർത്ഥ ദൈവഭക്തി എന്ന് സാരം.

-എംസി


നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക
വരിസംഖ്യ
250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ.
മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.

